KUTTAPPA MENON. ANANTHAN

E1

032:3M853:11
E1

MURUGAN BINDING WORKS,
NO. 3, BOMMULIER STREET,
ELEPHANT GATE, MADRAS-1.

:11. E1

MUL
094250

DOCTRINA·VIM·PROMOVET INSITAM

**Madras University Library.**

Call Number 032:3M853:11 E1

Accession Number 94250

Available for loan from

This book should be returned on or before the date last marked below.

O. 61

"ഭാരതീകഥാരത്നമാലാ" നംബർ ൧.

# കുട്ടപ്പമേനോൻ.

ഗ്രന്ഥകർത്താ,

പി. അനന്തൻപിള്ള,

രാജകീയഹൈസ്കൂൾ മലയാള പണ്ഡിതർ,

തിരുവനന്തപുരം.

വില അണ നാലു്.

൧൦൮൭ ചിങ്ങം ൧-ാംനു-

TRIVANDRUM:
Printed at the "Ananda" Press,
1911.

942-50



# പ്രസ്താവന.

ഇംഗ്ലണ്ടിൽ നടന്നതായി വിവരിക്കുന്ന ആഖ്യായികകൾ തർജ്ജിമ ചെയ്യാൻ പുറപ്പെടുന്നതു് ബുദ്ധിമോശമാണെന്നും എത്രതന്നെ ശ്രമപ്പെട്ടാലും അവ എഴുതി ഫലിപ്പിക്കാൻ സാധിക്കയില്ലെന്നും ചിലർ വാദിച്ചു വരുന്നുണ്ടു്. ഇതിൽ അല്പം വാസ്തവമുണ്ടായിരിക്കാമെങ്കിലും പുസ്തകം വായിച്ചു അതിൽ സ്ഥായിയായി കാണുന്ന രസം മുഴുവനും അറിഞ്ഞു് ആനന്ദിക്കുവാൻ ശക്തനും നിപുണനും ആയ ഒരു കവിക്കു് ആ പുസ്തകത്തിലെ വിഷയം മുഴുവനും രസഭംഗം വരുത്താതേയും തന്മയത്വം വരുത്തിയും സഹൃദയഹൃദയാഹ്ളാദം ചെയ്യുമാറു ഏതു ഭാഷയിലേക്കും പകൎത്തുവാൻ സാധിക്കുമെന്നുള്ളതും സമ്മതിച്ചേ തീരൂ. പക്ഷേ, ഈ മാതിരി തർജ്ജിമകളിൽ അവസ്യത്തിനനുസരിച്ചു പല ഭേദഗതികളും വരുത്തിയിരിക്കാമെന്നുള്ളതു കൊണ്ടു ഒരു സ്വതന്ത്ര കൃതിയുടെ ചുവ സവിശേഷമായി കലൎന്നു കാണും. ഇതു തന്നെയാണു് നല്ല തർജ്ജിമകളുടെ തോതു്.

ഈ തോതിനെ നിവൃത്തിയുള്ളടത്തോളം അനുസരിച്ചു ഇംഗ്ലീഷിൽ പുത്തൻപുത്തനായി പ്രസിദ്ധപ്പെടുത്തിവരുന്ന നാവലുകളെ മലയാളത്തിൽ പരിഭാഷപ്പെടുത്തി ഇംഗ്ലീഷ് നോവൽകാരന്മാരുടെ കഥാബന്ധചാതുൎയ്യവും ഫലിതങ്ങളും കേരളീയൎക്കു് അനുഭവിച്ചറിഞ്ഞു രസിക്കുന്നതിനും, പരീക്ഷകളിൽ ഭാഷാന്തരം, ഗദ്യരചന, മുതലായ വിഷയങ്ങളിൽ വിദ്യാൎത്ഥികൾക്കു ഒരു വലിയ സഹായമായി തീരുന്നതിനും ഇടയാകണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് ഞങ്ങൾ ഈ "ഭാരതികഥാരത്നമാല" ആരംഭിച്ചിട്ടുള്ളതു്. എന്നാൽ സർവ്വാ

ൾട്ടർസ്കാട്ട്, ഡിക്കൻസ്, മുതലായ പഴയ നാവൽകാരന്മാരുടെ ഗംഭീരങ്ങളും നിസർഗ്ഗമധുരങ്ങളും ആയ വലിയവലിയ നാവലുകളെ പരിഭാഷപ്പെടുത്തി സമയ ദുർവ്യയം ചെയ്യണമെന്നു ഞങ്ങൾ തൽക്കാലം ഉദ്ദേശിക്കുന്നില്ല. സയൻസ്, ചരിത്രം, ഭൂമിശാസ്ത്രം, മുതലായവയെ സംബന്ധിച്ചുള്ള നവീനാശയങ്ങളെ സാധാരണ ജനങ്ങളുടെ ഇടയിൽ പ്രചാരപ്പിക്കുന്നതിനും, അവരെ ഇപ്പോഴത്തെ ലോകഗതി എങ്ങിനെയിരിക്കുന്നു എന്നു മനസ്സിലാക്കുന്നതിനും ഞങ്ങളുടെ കഥകൾ ഉപകരിക്കുന്നു എങ്കിൽ ഉദ്ദേശസാദ്ധ്യത്തിനുള്ള ശുഭലക്ഷണവും അതുതന്നെയാണെന്നു പറയാം.

ഇങ്ങിനെ ഓരോകഥ മാസംതോറും പ്രസിദ്ധപ്പെടുത്തി എത്ര നിർദ്ധനനായവനും, പ്രത്യേകിച്ചു വിദ്യാർത്ഥികൾക്കും സൌകര്യമായ വിധത്തിൽ ചുരുങ്ങിയവിലക്കു നല്ല ഗദ്യപുസ്തകങ്ങൾ സുലഭങ്ങളാക്കിത്തീർക്കണമെന്നും തന്നിമിത്തം മലയാളത്തിലും ഗ്രന്ഥപാരായണത്തിന് അഭിമുഖമായ ഒരു ജനസാമാന്യത്തെ ഉളവാക്കണമെന്നും ഉള്ള ഞങ്ങളുടെ ആശയെ കേരളീയരായ മഹാജനങ്ങൾ കഴിവുള്ളപ്രകാരത്തിലെല്ലാം പ്രോത്സാഹിപ്പിച്ച് തങ്ങൾക്കു രസവും, ജ്ഞാനവും, മാതൃഭാഷക്കു പുഷ്ടിയും, ഭംഗിയും വരുത്തുവാൻ മനഃപൂർവ്വം യത്നിക്കുമെന്നു വിശ്വസിക്കുന്നു.

22 MAR 19 8
MADRAS

# കുട്ടപ്പമേനവൻ.

## അദ്ധ്യായം ൧.

കുട്ടപ്പമേനോൻ സീതമംഗലത്തു വന്നുചേൎന്നതു എം. ബി. സി. എം. പരീക്ഷയിൽ ജയിച്ച് ബിരുദും കൊണ്ടായിരുന്നു. ക്ഷണത്തിൽ ജനസാമാന്യ മദ്ധ്യത്തിൽ അദ്ദേഹം ഒരു നായകരത്നമായിതീൎന്നു. സാമുദായിക മൎയ്യാദകൾക്കും ബന്ധുവൎഗ്ഗങ്ങളോടുള്ള ആദരവുകൾക്കും അദ്ദേഹം ഉത്തമഭാജനമായിരുന്നു. വൈദ്യവിഷയത്തിൽ ഇത്ര കൈപ്പുണ്യമുണ്ടായട്ട് വേറെ ആരും സീതമംഗലത്തില്ലെന്നു അവിടെയുള്ള പാശ്ചാത്യഭിഷഗ്വരന്മാരും കൂടി അഭിപ്രായപ്പെട്ടു. ഇംഗ്ലണ്ടു, ജൎമ്മനി, അമേരിക്കാ, മുതലായ സ്ഥലങ്ങളിൽ നിന്നു പ്രസിദ്ധപ്പെടുത്തുന്ന അനേകം വൈദ്യമാസികകൾക്കും എന്നുവേണ്ടാ ധന്വന്തരിക്കും അദ്ദേഹം പല ലേഖനങ്ങളും അയച്ചു കൊടുക്കുകയും അവ യഥാവസരം പ്രസിദ്ധീകരിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. പൊതുജനപ്രസംഗശാലയിലും ഇതരസ്ഥലങ്ങളിലും വെച്ച്, കഷ്ടപ്പെടുന്ന ജനതയ്ക്കു പലവിധത്തിലും ആശ്വാസം നൽകുന്നതിനു വേണ്ടി അദ്ദേഹം പ്രസംഗങ്ങൾ നടത്തുകയും ലഘുപത്രികകൾ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. ചികിത്സ ചെയ്കയും ശസ്ത്രപ്രയോഗം ചെയ്കയും ചെയ്തതു യാതൊരു പ്രതിഫലത്തെയും കാംക്ഷിച്ചല്ലായിരുന്നു. ദ്രവ്യസ്ഥനല്ലാതിരുന്നിട്ടും പരോപകാരാൎത്ഥമായ തന്റെ ഏവംവിധമായ ഔദാൎയ്യം ജനങ്ങളിൽ വിസ്മയത്തെ ജനിപ്പിക്കാതിരുന്നില്ല.

ദീൎഘകായനും പീവരോരസ്കനും ആജാനുബാഹുവും ആയിരുന്ന മേനോൻ ബഹു സുമുഖനും ആയിരുന്നു. വേഷവും ദേഹാലങ്കാരങ്ങളും പാശ്ചാത്യരീതിയിൽ തന്നെ ആയിരു

ന്നു. അദ്ദേഹത്തിനെ ഉടുപ്പഴിച്ചു ആരും തന്നെ കണ്ടിട്ടില്ല. ചുരുക്കത്തിൽ മുഖം മാത്രമേ ആൎക്കെങ്കിലും കാണാൻ സാധിച്ചൊള്ളൂ. സീതമംഗലത്തിന്റെ ക്ഷേത്രക്കുളത്തിനു വടക്കുവശമുള്ള തെരുവിൽ ഒരു പോററിയുടെ ബങ്കളാവിന്റെ മുകൾത്തട്ടാണു ഇദ്ദേഹത്തിന്റെ വസതി. പോററി താഴെ ക്ലബ്ബും ഇട്ടിട്ടുണ്ടു്. മുപ്പതുവയസ്സു പ്രായം തോന്നിക്കുന്ന ഇദ്ദേഹത്തിന്റെ സ്വദേശം എവിടെയാണെന്നു ആൎക്കും അറിവാൻ മേലായിരുന്നു. കൽക്കട്ടയിൽ ആണു താൻ പഠിച്ചിരുന്നതു് എന്നു മാത്രമേ അവൎക്കറിയാമായിരുന്നൊള്ളു. ഇദ്ദേഹത്തിനു സ്വന്തമായി ആരുമില്ലെന്നും ബ്രി-മലബാറിൽനിന്നു ചെറുപ്പത്തിലെ കൽക്കട്ടയിൽ പോയതാണെന്നും, അവിടെ സ്വപ്രയത്നംകൊണ്ടുതന്നെ ചിലവുകഴിച്ചു പഠിച്ചുവന്നു എന്നും, അവരെ ബോദ്ധ്യപ്പെടുത്തിയിരുന്നു.

ഇങ്ങനെ അഞ്ചുകൊല്ലം അദ്ദേഹം യാതൊരു ന്യൂനതയുമില്ലാതെ സീതമംഗലത്തു കഴിച്ചുകൂട്ടി. ഇതിനിടയ്ക്കു് അദ്ദേഹത്തിന്റെ പ്രകൃതത്തിനു ഒരു വലിയ മാററം സംഭവിച്ചു. കോഴിക്കോട്ടെ ഒരു പ്രസിദ്ധവക്കീലായിരുന്ന കണ്ടൻനായർ പാശികളികൊണ്ടു കാലാന്തരത്തിൽ പാപ്പരായിതീൎന്നു്, സ്വദേശത്തിരുന്നാൽ വലുതായ മാനഹാനിക്കിടവരും എന്നു കരുതി സീതമംഗലം ചീഫ് കോടതിയിലേക്കു സന്നതു വാങ്ങി അവിടെ വന്നു താമസിക്കുകയായിരുന്നു. കുറെക്കാലം മുമ്പെ ഭാൎയ്യ മരിച്ചതിനാൽ ഈ അവസരത്തിൽ അദ്ദേഹത്തിന്റെ ഏകപുത്രിയായ ഭാരതി മാത്രമെ കൂടെ ഉണ്ടായിരുന്നൊള്ളു. സുകുമാരശരീരയായ ഇവളുടെ രൂപലാവണ്യം അവൎണ്ണനീയമായിരുന്നു. കണ്ടൻ നായർ സ്വത്തെല്ലാം ധാരാളിച്ചു പൊടിപൊടിച്ചു നടന്ന കാലത്തുണ്ടായ ഭാരതിയെ വളരെ ഓമനയായിട്ടു തന്നെയാണു വളൎത്തിവന്നതു്. ഇപ്പോൾ അച്ഛനു സംഭവിച്ച ദുൎദ്ദശാപരിപാകത്തിൽ അവൾ വ്യസനാക്രാന്തയായിട്ടാണു കാലം കഴിച്ചതെങ്കിലും സൌന്ദൎയ്യത്തിനു യാതൊരു മാലിന്യവും സംഭവിച്ചില്ല. അതിനാൽ

"കചഭരമതിനീലംകുടിലം-മാരു
ശശിലേഖാനിരാകാരിനിടിലം
വിചകേന്ദീവരംപോലെ വിപുലംനേത്രം
വിമലാഭംമൃദുഗണ്ഡയുഗളം
വചനംമഞ്ജുളം സ്മേരംകുചഭാരമതിപീനം
വിതതംശ്രോണിഭാഗംനല്പദവുംപങ്കജാകാരം"

എന്നുപറഞ്ഞ ലക്ഷണങ്ങളെല്ലാം ഭാരതിയിൽ പരിപൂർണ്ണാവസ്ഥയെ പ്രാപിച്ചിരുന്നു. എന്നാൽ ഇതുമാത്രമല്ലതാനും സ്ത്രീകളെ പുരുഷന്മാരുടെ ദൃഷ്ടിയിൽ തത്തുല്യകളാക്കിത്തീൎക്കുന്ന സൌശീല്യാദി ഗുണങ്ങളും വിദ്യയും അവൾക്കുണ്ടായിരുന്നു. അങ്ങിനെയിരിക്കുന്നകാലത്താണ് കണ്ടൻനായരും മേനവനും തമ്മിൽ പരിചയമായതു്. ഈ പരിചയം ക്രമേണ മൂത്തു് ഭാരതിയുടേയും മേനവൻെറയും തമ്മിലുള്ള അനുരാഗമായി പരിണമിച്ചു. അനുരാഗം കാലാന്തരത്തിൽ ദൃഢീഭവിച്ചു. മേനവൻെറ താല്ക്കാലികാവസ്ഥ തന്നെ വിവാഹംചെയ്യുന്നതിനു യോഗ്യനാക്കിത്തീൎക്കുന്നതല്ലെന്നുള്ള പൂർണ്ണബോധം അദ്ദേഹത്തിനുണ്ടായിരുന്നു. ഈ ഉദ്ദേശത്തോടുകൂടി ചിലപ്പോൾ ഭാരതിയെ കാണാതേയും കഴിച്ചുകൂട്ടാറുണ്ട്. പക്ഷെ യഥാൎത്ഥമായ സ്നേഹം ഉത്ഭവിച്ചാൽ അതിനെ തടുക്കുന്നതിനു മനുഷ്യനാൽ എളുപ്പത്തിൽ സാധിക്കുന്ന ഒരു കാൎയ്യമല്ലല്ലൊ. താൻ ഒരു ദ്രവ്യസ്ഥനല്ലെന്നും, വൈദ്യപരിശീലനത്തിൽ നിന്നും തനിക്കു ന്യായമായി ലഭിക്കുന്ന പണം വളരെ സ്വല്പം മാത്രമായിരുന്നുവെന്നും, ഇതെല്ലാം നല്ലപോലെ ആലോചിച്ചുപ്രവൎത്തിച്ചുകൊള്ളണമെന്നും, അദ്ദേഹം ഭാരതിയോടു പറഞ്ഞു. എന്നാൽ യാതൊരു വികാരവും കൂടാതെ ഇതെല്ലാം ഭാരതികേട്ടു സന്തോഷിച്ചതല്ലാതെ മേനവൻെറ നിർദ്ധനത്വം അവരുടെ വൈവാഹികസുഖത്തിനു ഒരു പ്രതിബന്ധമായി ഭവിക്കുമെന്നോ കഷ്ടതയനുഭവിക്കേണ്ടിവരുമെന്നോ തീരെ വിചാരിച്ചില്ല; എന്നുമാത്രമല്ല, ഇക്കാൎയ്യത്തിൽ അവൾ മേനവനെ ധൈൎയ്യപ്പെടുത്തുകകൂടി ചെയ്തു.

## അദ്ധ്യായം ൨.

അധിക കാലതാമസം കൂടാതെ മേനവനെ അമേരിക്കായിലെ "രാജകീയ ഭിഷഗ്വര സംഘ"ത്തിലെ ഒരംഗമായി സ്വീകരിച്ചതോടുകൂടി അദ്ദേഹത്തിന്റെ കീൎത്തി നാടെല്ലാം പരന്നു. മററു പല സമ്മാനമാനങ്ങളും മഹാത്മാക്കളുടെ അനുമോദനങ്ങളും അദ്ദേഹത്തിനു ഇടവിടാതെ ലഭിച്ചുവന്നു. എന്നാൽ കേവലം ലൌകികങ്ങളായ ഈ ബഹുമാനങ്ങളുടെ ധാരാളതയിൽ അദ്ദേഹം അതിരുകവിഞ്ഞ അഭിമാനത്തെയൊ പ്രൌഢതയേയൊ അവലംബിച്ചില്ല. പക്ഷെ ഒരന്തൎഗ്ഗതം മാത്രമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഈ യോഗ്യതകളെയൊക്കെ കണ്ടു മനസ്സിലാക്കുന്ന ഗവൎണ്മെന്റ് അദ്ദേഹത്തിനനുരൂപമായ ഒരു ജോലിയും ശമ്പളവും കൊടുക്കാതിരിക്കയില്ലെന്നു പൂൎണ്ണബോധമുണ്ടായിരുന്നു. ഈ വിധത്തിലുള്ള ഒരു സ്ഥാനത്തിൽ പ്രവേശിക്കുന്നപക്ഷം തന്റെ അഭിലാഷവും ഫലപ്രാപ്തമായിതീരുന്നതാണല്ലൊ., ഭാരതിയുടെ വിവാഹവും ഒരു വാസ്തവ സംഗതിയായിതന്നെ പരിണമിക്കുന്നതാണ്.

ഒരുദിവസം കാലത്തു് തന്റെ വസതിയിൽ അദ്ദേഹം ഏതാനും എഴുത്തുകളും കമ്പിവാൎത്തകളും വായിച്ചുകൊണ്ടു് ഒരു ചാരു കസാലമേൽ കിടക്കുമ്പോൾ തന്റെ അന്നദാതാവായ പോററി മുകളിൽചെന്നു് ബെങ്കാളിയായ ദേവാജിഎന്നൊരാൾ കാണാൻ വന്നുനില്ക്കുന്നു എന്നുപറഞ്ഞു. തൽക്ഷണം തന്നെ ഒരു നാല്പതുവയസ്സു പ്രായം തോന്നിക്കുന്ന ഒരു കള്ളദൃഷ്ടിക്കാരൻ അവിടെ പ്രത്യക്ഷപ്പെട്ടു. പോററി ഉടനെ താഴത്തേയ്ക്കും പോയി. വന്നയാൾ "നിങ്ങൾ എന്റെ വരവിനെ ഒരിക്കലും പ്രതീക്ഷിച്ചിരുന്നില്ല അല്ലെ? എന്നുചോദിച്ചു"

മേനോൻ—"ദേവാജി"യൊ അങ്ങിനെ ഒരാളെ ഞാൻഅറിയുമെന്നു തോന്നുന്നില്ല.

വന്നയാൾ—നല്ലപോലെ പൊട്ടിച്ചിരിച്ചുകൊണ്ടു്: ഹ! ഹ!! എന്റെ പേർ ദേവാജിഎന്നല്ല. അതു പോററിയെ വഞ്ചിക്കാൻ കയ്യേറാണ്ട ഒരു വ്യാജം മാത്രമാണു്. എന്റെവാസ്തവപ്പേർ "ചക്രവത്തി"യെന്നാണു്. ഇപ്പോൾ ആൾ മനസ്സിലായിരിക്കുമെല്ലൊ.

മേനോൻ—"അതെങ്ങിനെ മനസ്സിലാകും?" ചക്രത്തി ഒന്നു പരിഭ്രമിച്ചു.

ചക്ര—കഴിഞ്ഞകഥകളെപ്പററി ഓക്കുമ്പോൾതന്നെ.

മേനോൻ കസാലമേൽ പിന്നോക്കം ചാരി. ആലോചനാപൂവം കയ്യിലുണ്ടായിരുന്ന പെൻസിലിനെ അലക്ഷ്യമായിനോക്കി. പിന്നെ ഇങ്ങിനെ പറഞ്ഞു. "എനിക്കതു തീരെ മനസ്സിലായില്ല. എന്താണു കാര്യമെന്നു വിശദമായി അറിഞ്ഞാൽ കൊള്ളാം. നിങ്ങൾ എന്റെ ഒരു പൂവ് പരിചിതൻ മാത്രമാണെങ്കിൽ ഈ വിശേഷമാതിരിയിലുള്ള സന്ദർശനത്തിന്നു കാരണമില്ല."

ചക്ര—പരിചിതനോ? സ്നേഹിതനെന്നു പറയൂ.

മേനോൻ—"ശരി; നിങ്ങൾക്കെന്തു വേണം?" ചക്രവത്തിയുടെ രാണ്ടാമത്തെ പരിഭ്രമം ആരംഭിച്ചു. കൂടിക്കാഴ്ചയിൽ താൻ പറയാനുള്ളതും പ്രവത്തിക്കാനുള്ളതും മുൻകൂട്ടി നല്ലപോലെ അഭിനയിച്ചു പഠിച്ചിരുന്നു എങ്കിലും തന്റെ എതിരാളിയുടെ സ്ഥൈര്യം കണ്ടിട്ടു അയാൾ വല്ലാതെ അന്ധാളിച്ചു വശമായി.

ചക്രവത്തി—ഏഴു സംവത്സരങ്ങൾക്കുമുമ്പു് പ്രയാഗയിൽ വച്ചു നടന്ന ഒരു സംഗതി നിങ്ങൾക്കു നല്ല ഓമ്മകാണുമെന്നാണു ഞാൻ വിചാരിച്ചതു്. ഇല്ലെങ്കിൽ അതിന്നു നിവൃത്തിയുണ്ടാക്കാം എന്നിങ്ങനെപറഞ്ഞു കോട്ടിന്റെ പാക്കററിൽ കയ്യിട്ടു രണ്ടു കടലാസുതുണ്ടുകൾ എടുത്തു മേശയിൽവച്ചു. മേനവന്റെ മനസ്സിൽ വലുതായ അസ്വാസ്ഥ്യം ഉണ്ടായി എങ്കിലും യാതൊരു ഭാവവും പുറത്തു കാണിച്ചില്ല.

൧൯൦൩-ൽ (൧൦൭൮ൽ) കൽക്കത്തയിൽ വൈദ്യശാസ്ത്രം പഠിച്ചു താമസിച്ചിരുന്ന കുട്ടപ്പമേനോൻ എന്നും അപ്പുനായർ എന്നും പേരുകളോടുകൂടി രണ്ടു മലയാളിയുവാക്കന്മാർ മദ്ധ്യവേനലവധിക്കു കുറെ ദിവസം പ്രയാഗയിൽ പോയി ചക്രവർത്തി എന്നയാളുടെ ഗൃഹത്തിൽ താമസിച്ചിരുന്നു. ഒരു ദിവസം ഇവർ രണ്ടുപേരും ഒരുമിച്ചു ഹിമവൽ സന്ദർശനത്തിനായി പുറപ്പെട്ടു. പുറപ്പെടുന്നതിനു മുമ്പുതന്നെ അപ്പുനായർക്കു ചക്രവർത്തിയുടെ മകളും, സുകുമാരശരീരയും കന്യകയും ആയ ഭാനുമതിയിൽ പ്രേമം ജനിച്ചു് വൎദ്ധിച്ച വിവരം മേനോൻ അറിഞ്ഞിരുന്നു. യാത്ര കഴിഞ്ഞ് രണ്ടുപേരും തിരിച്ചുവന്നില്ല. മേനോൻ മാത്രമെ ചക്രവർത്തിയുടെ ഗൃഹത്തിൽ വന്നൊള്ളു. അപ്പോൾ ഭാനുമതി വാതരോഗത്താൽ പീഡിതയായി കിടക്കയായിരുന്നു. മേനവൻ ഒരു രാത്രി അവിടെ താമസിച്ചതിന്റെ ശേഷം കാളേജ് തുറക്കുന്നതിനു സമയമായി എന്നു പറഞ്ഞും കൊണ്ടു് വേഗത്തിൽ യാത്രതിരിച്ചു് പോകയും ചെയ്തു. കൂട്ടുകാരനെപ്പററി അദ്ദേഹം യാതൊന്നും സംസാരിച്ചില്ല. മേനവൻ തിരിച്ചുവന്നപ്പോൾ ചക്രവത്തി അവിടെ ഇല്ലായിരുന്നു. രണ്ടുദിവസം കഴിഞ്ഞാണു വന്നതു്. ഇതിലെന്തോ വ്യാജമുണ്ടെന്നു അയാൾക്കു മനസ്സിലായി. മകളുടെ ദീനം പൂൎണ്ണമായി ശമിച്ചതിന്റെ ശേഷം അയാൾ നമ്മുടെ മലയാളികൾ സഞ്ചരിച്ച പ്രദേശങ്ങളിലേക്കു യാത്രയായി. അവിടെ ചെന്നപ്പോൾ വാസ്തവമെല്ലാം വെളിപ്പെട്ടു. ഒരു മലയിടുക്കിൽവച്ചു് മേനോനും നായരും തമ്മിൽ ഒരു വലിയ കലഹം ഉത്ഭവിച്ചു എന്നും അതിന്റെ പരിണാമം നായരുടെ മരണവും മേനവന്റെ ഒളിച്ചോടിപ്പോകലും ആയിരുന്നു എന്നും പ്രസ്തുത സംഭവത്തെ കണ്ടറിഞ്ഞ ചിലവേടന്മാർ പ്രസ്താവിച്ചു.

"ഉത്തരബംഗാളി" ഒരു റിപ്പോർട്ടർ.

ഇതു വായിച്ചുതീന്നപ്പോൾ ചക്രവത്തി മേനവന്റെ മുഖത്തു നോക്കി. എന്നാൽ തനിക്കു അത്യന്തം ആപല്കരമായ ഒരു രഹസ്യം പരസ്യമായതായി യാതൊരു ഭാവഭേദവും മേനവൻ പ്രത്യക്ഷപ്പെടുത്തിയില്ല.

മേനവൻ—കൊള്ളാം; രസകരമായ കഥ.

വക്കീ—രസമുള്ള ഭാഗം വരുന്നേയൊള്ളു. അതു ഞാൻ തന്നെ പറഞ്ഞേക്കാം. മുകളിൽ പ്രസ്താവിച്ച സംഭവത്തിന്നു ശേഷം രണ്ടുമൂന്നുമാസം കഴിഞ്ഞപ്പോൾ ശവവും കാണപ്പെട്ടു. അസ്ഥിക്കൂടമാത്രമേ ശേഷിച്ചുണ്ടായിരുന്നൊള്ളു. അതിന്റെ അടുത്തു് കുട്ടപ്പമേനോൻ എന്നു പേരോടുകൂടിയ ഒരു കൈലേസും കാണപ്പെട്ടു.

മേനവൻ—ഒരു കൊലക്കുററത്തിന്നുള്ള തെളിവുകളെല്ലാം നിങ്ങൾ ശേഖരിച്ചിട്ടുണ്ടു്. എന്നാൽ നിങ്ങളുടെ ഉദ്ദേശ്യം എന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല.

വക്കീ—പറയാം; ഈ വഴക്കു എന്റെ മകൾ കാരണമായി ഉത്ഭവിച്ചതാണു്. എന്നുമാത്രവുമല്ല, നിങ്ങൾ രണ്ടുപേരും തമ്മിൽ എന്റെ ഗൃഹത്തിൽവച്ചു പലപ്രാവശ്യവും വാക്കുതർക്കങ്ങൾ ഉണ്ടായിട്ടുണ്ടു്. അവയുടെ അവസാനഘട്ടങ്ങളിലെല്ലാം നിങ്ങൾ കോപാന്ധനായി നായരെകൊല്ലുന്നതാണു് എന്നുള്ള വാക്കുകൾകൂടി ഉപയോഗിച്ചിട്ടുണ്ടു്. ചുരുക്കത്തിൽ നായരുടെ ഘാതകൻ നിങ്ങൾതന്നെയാണെന്നു ഞാൻ ബലപ്പെടുത്തിപറയാം.

പിന്നെ കുറച്ചുനേരത്തേക്കു ആരും ഒന്നുംതന്നെ സംസാരിച്ചില്ല. മേനവന്റെ മുഖം കരുവാളിച്ചു. ഈ കഠോരവൎത്തമാനം അദ്ദേഹത്തിന്റെ ശുഭസമ്പൂർണ്ണമായ ഭാവിയെ മിക്കവാറും മലിനപ്പെടുത്തി എന്നദ്ദേഹത്തിന്നു തോന്നി. ഉദിച്ചുയൎന്ന അദ്ദേഹത്തിന്റെ കീൎത്തിയായ പൂൎണ്ണശശിയെ നിശ്ശേഷം ഗ്രസിക്കുന്നതിന്നുള്ള രാഹുവും ഇതുതന്നെ ആയിരുന്നു. ഈ വൎത്തമാനം കേട്ടുണ്ടായ മനോവേദന അസഹനീയമായിരുന്നു എങ്കിലും അദ്ദേഹത്തിന്റെ സ്വാഭാവികമായ മനസ്ഥൈൎയ്യവും നിശ്ചഞ്ചലത്വവും അതിനെ ഒരിക്കലും പുറത്തുകാണിച്ചില്ല. ഒടുവിൽ ഇങ്ങിനെപറഞ്ഞു.

"അപ്പോൾ, നിങ്ങളുടെ ഈ ആഗമനം പ്രസ്തുത രഹസ്യ സംഗതിയെ വെളിപ്പെടുത്താതിരിക്കുന്നതിന്നു തക്കതായ പ്രതിഫലം ചോദിപ്പാനായിരിക്കാം അല്ലെ?"

ചക്രവൎത്തിക്ക് ഈ വാക്കുകൾ ആശ്വാസപ്രദങ്ങളായിരുന്നുവെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ.

"അതുതന്നെ" എന്നയാൾ സന്തുഷ്ടഭാവത്തോടുകൂടി ഉത്തരംപറഞ്ഞു.

---

## അദ്ധ്യായം ൩.

ചക്രവൎത്തി ഇത്ര എളുപ്പത്തിൽ തന്റെ കാൎയ്യം സാധിച്ചല്ലോ എന്നു വിചാരിച്ചു സന്തോഷിച്ചു. തനിക്കു ഭാഗ്യകാലം അത്യാസന്നമായിരിക്കുന്നു എന്നും മനസ്സിലാക്കി. ആദ്യം വായിച്ച കടലാസു മടക്കി പൂൎവസ്ഥിതിയിൽ വെച്ചതിന്റെ ശേഷം വേറെ ഒരു കടലാസു കയ്യിൽ എടുത്തു മേനവനോടിങ്ങിനെ പറഞ്ഞു.

ചക്ര—ഞാനധികമൊന്നും ചോദിക്കുന്നില്ല. ഞാൻ ഒരു കല്ക്കരി ഖനിക്കമ്പനി ഏൎപ്പെടുത്താൻ പോകുന്നു. അതിൽ നിങ്ങളുടെ സഹകരണമാണ് ഞാൻ ആവശ്യപ്പെടുന്നതു്

മേന—ഇതൊരു കള്ളക്കമ്പനിയല്ലേ? ആളുകളെ വഞ്ചിച്ചു ഓഹരിക്കാരാക്കി പണം കയ്ക്കലാക്കണമെന്നല്ലേ നിങ്ങളുടെ ഉദ്ദേശം? എങ്ങിനെയെങ്കിലും നിങ്ങൾക്കു വാങ്മൂലം കടപ്പെട്ടിരിക്കുന്ന ഞാൻ നിങ്ങൾ ചോദിക്കുന്നതു തരുന്നതിനു ബാദ്ധ്യസ്ഥനായിരിക്കുന്നു എന്നുള്ളതിനു സംശയമില്ല. പക്ഷേ ഞാൻ ധനികനല്ലെന്നും ബാങ്കുകളിൽ ധാരാളം പണം ഇട്ടിട്ടുള്ളവനല്ലെന്നും നിങ്ങളെ നേരത്തേ ധരിപ്പിച്ചുകൊള്ളട്ടേ.

ചക്ര—ഇതു കള്ളക്കമ്പനിയാണെന്നു നിങ്ങൾ പറയുന്നതു അബദ്ധമാണ്. ഇതിൽ ചേൎന്നിട്ടുള്ളവരുടെ പേരുകൾ കേട്ടാൽ ആ തെററിദ്ധാരണക്കു അവകാശമുണ്ടാകുന്നതില്ലല്ലോ. ഇതാ നോക്കണം!

ആർ. എൻ. ചാററർജി, ഹൈക്കോർട്ടു വക്കീൽ, കൽക്കട്ട,
ആണറിബ്ൾ മനിസ്വാമി അയ്യർ, ടി. മദ്രാസ്.

*   *   *   *   *

എന്നു പറഞ്ഞു ഒരു പുസ്തകം തുറന്നു മേനവനെ കാണിച്ചു കൊടുത്തു.

മേന—ശരി. ഇതെല്ലാം സമ്മതിക്കാം.

ചക്ര—നിങ്ങളെ ഇതിൽ ചേക്കുന്നതിലേക്കുള്ള മുഖ്യ കാരണം എന്തെന്നാൽ ഈ സിതമംഗലത്തേക്കു നിങ്ങൾ ഒരു പ്രധാന പുരുഷനാണ്. സ്ഥാനമാനങ്ങളേക്കൊണ്ടും ജനബഹുമാനം കൊണ്ടും നിങ്ങളുടെ പേർ ഈ രാജ്യത്തുന്നു മാത്രമല്ലാ, ഇതര രാജ്യങ്ങളിലും പ്രസിദ്ധി കേട്ടു കഴിഞ്ഞിരിക്കുന്നു. എന്റെ ഉദ്യമത്തിന്നു നിങ്ങളെ പോലെയുള്ളവരുടെ സഹകരണം എത്രമാത്രം സഹായകമായിരിക്കുമെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലൊ. ആകയാൽ ഈ കമ്പനിയുടെ അദ്ധ്യക്ഷനായിരിക്കണമെന്നാണു ഞാൻ നിങ്ങളോടു ആവശ്യപ്പെടുന്നതു്.

മേന—ഞാൻ അദ്ധ്യക്ഷനായിരുന്നാൽ മാത്രം മതിയൊ? എന്നിൽ നിന്നും വേറേ വിധത്തിലുള്ള ആദായങ്ങളൊന്നും നിങ്ങൾ ഇച്ഛിക്കുന്നില്ലേ?

ചക്ര—അഞ്ചോഹരികളിൽ കുറയാതെ നിങ്ങൾ എടുക്കുകയും വേണം. അതായതു അയ്യായിരം രൂപ.

മേന—ശിക്ഷയായി; അയ്യായിരം രൂപ ഞാൻ എവിടെ നിന്നുണ്ടാക്കുന്നതു്? കഴിഞ്ഞ അഞ്ചു് വർഷങ്ങൾക്കുള്ളിലുള്ള എന്റെ സമ്പാദ്യം രണ്ടായിരം രൂപയിൽ കവിയുന്നതല്ല. ആകട്ടേ, ഞാൻ ഒന്നു കൂടി ചോദിച്ചു കൊള്ളട്ടേ. നിങ്ങളുടെ ഈ അപേക്ഷയെ ഞാൻ നിരസിക്കുന്നു പക്ഷം നിങ്ങൾ എന്തുചെയ്യും?

ചക്ര—ഞാൻ ആദ്യം നിങ്ങളെ വായിച്ചു കേൾപ്പിച്ചു കടലാസു പോലീസിൽ ഏല്പിക്കും.

മേന—ഏല്പിച്ചു എന്നിരിക്കട്ടെ. പിന്നെയൊ?

ചക്രു—അതു നിങ്ങൾക്കുതന്നെ ഊഹിക്കരുതൊ? ഞാൻ പറയണമെന്നുണ്ടോ?

മേന—ഓ, ഹൊ! ശരി! ഒരുപക്ഷെ ഇതെനിക്കു ആപൽക്കരമായി പരിണമിച്ചേക്കാം. പക്ഷെ ഒരു കാൎയ്യമുണ്ട്. ഇതു സത്യമാണെന്നെങ്ങിനെയാണ് നിങ്ങൾ തെളിയിക്കാൻ പോകുന്നതു്?

ചക്രു—അതു തീരെ വിഷമമില്ലാത്ത ഒരു കാൎയ്യമല്ലെ? എന്റെ മൊഴിതന്നെ കോടതിക്കു വിശ്വാസയോഗ്യമായി തീരും. പോരെങ്കിൽ ഭാനുമതിയുടെ മൊഴി അവർ വിശ്വസിക്കാതിരിക്കുമോ?

മേന—അതിനു ഭാനുമതിയെ ഇവിടെകൊണ്ടുവരണ്ടെ? അതസാദ്ധ്യമല്ലെ?

ചക്രു—അവൾ ഇവിടെ, ഈ സീതമംഗലത്തുണ്ട്. അവളുടെ ഭൎത്താവ് ഇവിടെ ഒരു മോട്ടാർകാർ ഏജൻറാണ്.

ഇതുപറഞ്ഞപ്പോൾ മേനവൻ വല്ലാതെ പരിഭ്രമിച്ചു. "ഇത്രയൊക്കെ മുൻകരുതലുകളോടുകൂടിയാണോ ഇയ്യാൾവന്നിരിക്കുന്നതു്? എന്റെകഷ്ടകാലം അടുത്തു എന്നുള്ളതും ഈ സംഗതിതന്നെ പ്രത്യക്ഷപ്പെടുത്തുന്നുണ്ട്." എന്നിങ്ങനെ വിചാരിച്ചുകൊണ്ട്,

മേന—എന്തായാലും നിങ്ങളുടെ അപേക്ഷയെ സാധിപ്പിച്ചുതരണമെന്നുതന്നെയാണു ഞാൻ വിചാരിക്കുന്നതു്. പക്ഷെ അതിലേയ്ക്കു തീൎച്ചയായ മറുപടി പറയുന്നതിനു എനിക്കു സമയംതരണം.

ചക്രു—കൊള്ളാം. എങ്കിൽ വല്ലയിടത്തേയ്ക്കും മണ്ടിക്കളയാമായിരുന്നു അല്ലെ? പക്ഷെ ആ വിചാരം നിഷ്ഫലം തന്നെയാണെന്നു ഞാൻ അറിവിച്ചുകൊള്ളുന്നു.

മേന—നിങ്ങൾ ഇങ്ങിനെ മൎയ്യാദസീമകളെ അതിലംഘിച്ചു സംസാരിക്കുന്നതിൽ എനിക്കുവ്യസനമുണ്ട്. ഞാൻഇവിടം വിട്ടു എങ്ങും പോകണമെന്നുദ്ദേശിക്കുന്നില്ല. ഇന്നുതി

ങ്കളാഴ്ചയാണല്ലൊ. അടുത്ത വ്യാഴാഴ്ച വരണം, എന്നാകാണാം. എന്തായാലും നിങ്ങളുടെ ഈ പ്രാസ്പക്ടറസ്സ് എൻ്റെ കൈവശമിരിക്കട്ടെ.

ചക്ര—അതു വേണ്ട, ഇങ്ങു തന്നേക്കണം.

മേന—അങ്ങിനെയല്ല, എനിക്കിതിനെ പററി ശരിയായ ഗ്രഹണം ഉണ്ടായിരിക്കണം. എന്നു പറഞ്ഞു ആ കടലാസു കൂട്ടത്തെ മേശയിൽ വച്ചു.

ചക്രവൎത്തി സംശയഭാവത്തിൽ മേനവൻ്റെ നേരെ നോക്കി. ഏതോ പ്രതിക്രിയ മേനവൻ ആലോചിച്ചിട്ടുണ്ടെന്നു അയാൾക്കു തോന്നി; എങ്കിലും അപ്പോൾ അതിനെപ്പററി എന്തെങ്കിലും പറയുന്നതു വിഹിതമല്ലല്ലോ എന്നു കരുതി അയാൾ യാത്ര വാങ്ങുകയും ചെയ്തു. അയാൾ പോയതിൻ്റെ പിറകെതന്നെ മേനവനും തൻ്റെ സ്വതേയുള്ള വേഷത്തിൽ അവിടെനിന്നും തിരിച്ചു, ചക്രവൎത്തി കാണാതെ സൂക്ഷിച്ചു സൂക്ഷിച്ചു അയാളെ പിന്തുടൎന്നു.

## അദ്ധ്യായം ൪.

രാത്രി എട്ടുമണിക്കു കുഞ്ഞൻനായരുടെ ഗൃഹത്തിൽ അത്താഴത്തിനെത്തിക്കൊള്ളാമെന്നു മേനോൻ നേരത്തെ വാക്കു കൊടുത്തിട്ടുണ്ടായിരുന്നു. നായൎക്കു കേസുകൾ നടത്തി കിട്ടുന്ന പണം അദ്ദേഹത്തിൻ്റെ പ്രൌഢിക്കു വളരെ കുറവായിരുന്നു. അതുകൊണ്ടു മുമ്പിലത്തെപോലെ വിരുന്നുസൽക്കാരം മുതലായവ നടത്തുന്നതിനു സൌകൎയ്യമില്ലായിരുന്നു എങ്കിലും അത്താഴത്തിനു ആരെങ്കിലും ഒരു സ്നേഹിതനെങ്കിലും കൂടി ഉണ്ണ്വാൻ ഇരിക്കണം. മേനവൻ അവിടത്തെ ഒരു സാധാരണ സഹവാസിയായിത്തീൎന്ന സ്ഥിതിക്കു മിക്കപ്പോഴും

അദ്ദേഹം തന്നെയാണ നായരുടെ അതിഥിയായിരിന്നതു. അങ്ങിനെയുള്ള അവസരങ്ങളിൽ ഭാരതിയോടു ഒന്നരണ്ടു വാക്കെങ്കിലും തനിക്കു സംസാരിക്കുന്നതിന്നു ഇടവരുമെന്നു തന്നെയല്ല, താത്താന്തികത്തിൽ സകലവിധ സ്വാതന്ത്ര്യങ്ങളും അവൾക്കനുഭവിക്കാൻ സാധിച്ചതിനാൽ അവളുടെ മനോഹരശരീരവിലാസങ്ങളെക്കണ്ടാനന്ദിക്കുന്നതിന്നും മേനവന്നു സാധിച്ചു

തന്റെ പ്രിയതമൻ ഇപ്പോൾവരും ഇപ്പോൾവരും എന്നിങ്ങനെ നിമിഷങ്ങളെണ്ണിക്കൊണ്ടു ആ കന്യകാരത്നം കാത്തിരുന്നപ്പോൾ ഒരാൾ വാതൽകടന്നു അകത്തേയ്ക്കുവന്നു. അതു വടക്കൻ കോമപ്പണിക്കരായിരുന്നു എന്നറിഞ്ഞപ്പോൾ അവൾ ആശാഭഗ്നയായിതീൎന്നു. ഉടനെതന്നെ കണ്ടൻനായർവന്നു പണിക്കരെ യഥാവിധി സൽക്കരിച്ച് ഇരുത്തിയതിന്റെശേഷം വൎത്തമാനങ്ങൾ ചോദിച്ചു. നാട്ടുവൎത്തമാനങ്ങൾ ഓരോന്നായി പറഞ്ഞു തുടങ്ങിയപ്പോൾ വാതൽതുറന്നു ആരോ അകത്തേക്കു കടന്നു. ഇതു മേനവൻ തന്നെ ആയിരുന്നു. ഭാരതിയുമായിട്ടു സംസാരിക്കാൻ തീരെ മനസ്സമാധാനമില്ലാത്തതുകൊണ്ടാണ നേരംവൈകിവന്നതു. തന്റെ ആപത്തിനെപ്പററി അവളെ അറിവിക്കുന്നതിന്നും ധൈൎയ്യമുണ്ടായില്ല. കഷ്ടകാലത്തിൽ ഭാഗഭാക്കായി തീരുന്നതിന്നു ആ പെൺകുട്ടിയെ താൻ അനുവദിക്കുന്നതു കഷ്ടമാണെന്നും അതിനാൽ അവളിലുള്ള പ്രേമത്തെ നിശ്ശേഷം ത്യജിക്കണമെന്നും അദ്ദേഹത്തിന്റെ മനസ്സാക്ഷിവിളിച്ചുപറഞ്ഞു. ആകപ്പാടെ അദ്ദേഹത്തിന്നു ലോകം വെറുത്തുതുടങ്ങിയിരുന്നു. കണ്ടൻനായരും അതിഥികളും ഉണ്ണാനിരുന്നപ്പോൾ നേരം ഒൻപതുമണിയായി. മേനവനിൽ പതിവുപോലെയുള്ള പ്രസന്നതയോ ഉന്മേഷമൊ ഉണ്ടായിരുന്നില്ല. ഭാരതി വാലിയക്കാരനെ അടുക്കളയിൽ സഹായിക്കുകയായിരുന്നു. അവൾ ഇടയ്ക്കിടയ്ക്ക് ഉണ്ണാനിരിക്കുന്നവരെ നോക്കിക്കൊണ്ടിരുന്നു. മേനവന്റെ മുഖത്തു വിഷാദചിഹ്നങ്ങൾ ധാരാളമായി പ്രത്യക്ഷപ്പെട്ടിരുന്നു എന്നു അവൾക്കുമനസ്സിലായി. അവിടെ പിന്നീടു താഴെപറയുന്ന സംഭാഷണം നടന്നു.

പണിക്കർ—ഇദ്ദേഹമല്ലെ മേനവൻ എന്നുപറഞ്ഞതു?

നായർ—അതെ ഇദ്ദേഹമാണു കുട്ടപ്പമേനോൻ.

പണി—(മേനവനോടു) ചെറുപ്പത്തിലെ കണ്ടുപരിചയമുമുണ്ടെന്നു തോന്നുന്നു.

മേന—നിങ്ങളുടെ സ്വദേശം ഏതാണ്.

പണി—കോഴിക്കോട്ട്.

മേന—പണി?

പണി—ഞാൻ ഒരു നാട്ടുകാര്യസ്ഥനാണു. ഹൈക്കോടതിവക്കീലായി വളരെക്കാലം ജോലിനോക്കീട്ടുണ്ട്.

നായർ—(മേനവനോടു) പണിക്കർ ഒരു അസാധാരണമായ കേസ്സും കൊണ്ടാണു വന്നിരിക്കുന്നതു്.

മേന—കേസെന്താണ്? കേൾക്കട്ടേ. പറയൂ.

പണി—എൻെറ ഒരു കക്ഷി മരണശാസനപ്രകാരം അദ്ദേഹത്തിൻെറ ഏക പിന്തുടർച്ചാവകാശക്കാരനായ അനന്തിരവനു അഞ്ചുലക്ഷം ഉറുപ്പിക കൊടുത്തിരിക്കുന്നു. മരണശാസനം ഞാൻ മുഖാന്തരമായിട്ടാണു രജിസ്റ്റർ ചെയ്യിട്ടുള്ളതു. എന്നാൽ അവകാശിയെ കാണ്മാനില്ല. ലോകത്തിൽ എവിടും ഉള്ളതായിട്ടും അറിവില്ല. വൈദ്യശാസ്ത്രപഠനത്തിനായി കല്ക്കട്ടായിലേക്കു പോയ ആൾ ഇതുവരെ തിരിച്ചെത്തിയിട്ടില്ല.

മേന—ആ അനന്തിരവൻെറ പേരെന്താണ്?

പണി—അപ്പുനായർ എന്നാണു. ഇതു കേട്ടപ്പോൾ മേനവനു മോഹാലസ്യം ഉണ്ടായതുപോലെ തോന്നി. കിണ്ടിയിൽ ഇരുന്ന ചുക്കുവെള്ളം അത്രയും കുടിച്ചുതീർത്തു.

പണി—കൽക്കട്ടായിൽ ആണെന്നുള്ള കേൾവി മാത്രമേ അപ്പുനായരുടെ അമ്മാവനുണ്ടായിരുന്നുള്ളു. പഠിത്തകാര്യങ്ങളെപററി തമ്മിൽ ശണ്ഠയിട്ടതിൻെറ ഫലമായിട്ടാണു അപ്പുനായർ പൊയ്ക്കളഞ്ഞതു് എന്നുതാൻ കേട്ടിട്ടുണ്ട്.

നായർ—മരണശാസനത്തിന അവകാശിയായിട്ട ഒന്നല്ല ആ
റു "അപ്പുനായർ" മാരെനമുക്കകിട്ടും.

പണി—അങ്ങിനെ വന്നാലൊന്നും പറവാകില്ല. എന്റെ ക
ക്ഷിയുടെ പൂർണ്ണവിവരണം എനിക്കറിയാം. ഞാൻ
തെരക്കിയതിൽ കൽക്കട്ടയിൽ വച്ച ഏതാനും പരിക്ഷ
കളിൽ തോററുപോയെന്നും, തൻമൂലമായിട്ട യൂറോപ്പി
ലേക്ക തിരിച്ചു എന്നും ആണ്. വളരെ സാമത്ഥ്യമു
ള്ള ഒരു കുട്ടിയായിരുന്നതിനാൽ എവിടെ ചെന്നാലും
കഴിച്ചുക്കൂട്ടാൻ ഇടയുണ്ട്.

മേന—ഇത്രയും കേട്ടതിൽനിന്നും അദ്ദേഹം മരിച്ചുപോയി
രിക്കാൻ ഇടയുണ്ടെന്നെനിക്ക തോന്നുന്നു.

പണി—എന്തായാലും അന്വേഷണക്കുറവ് എന്ന കുററം വ
രണ്ട. അതിനാൽ ഞാൻ ലോകത്തിലുള്ള പ്രധാനവ
ത്തമാനപ്പത്രങ്ങളിലെല്ലാം ഈ വിവരം പരസ്യം ചെ
യ്വാൻ പോകയാണ്.

പണിക്കർ ഇങ്ങിനെ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ
മേനവന്റെ ചിന്തയെല്ലാം ചക്രവത്തിയിലായിരുന്നു. ആ
ഒരു മനുഷ്യൻ വിചാരിച്ചാൽ പണിക്കർ കിട്ടണമെന്നാഗ്ര
ഹിക്കുന്ന വത്തമാനം ഒരു നിമിഷത്തിൽ കൊടുക്കുന്നതിന
സാധിക്കും. പക്ഷെ പണിക്കർ അയാളെ കാണുകയും, അ
യാൾ പറയാത്തതിന വിപരീതമായി പ്രവത്തിക്കയും ചെയ്യു
മോ? ഇക്കാൎയ്യത്തിൽ വളരെ സൂക്ഷ്മതയോടുകൂടി പ്രവത്തി
ക്കേണ്ട കാലമായി എന്നദ്ദേഹത്തിനതോന്നി. ഇതിന്റെ
പരിണാമം അത്യന്തം ഗുണകരമോ അത്യന്തം ദോഷകര
മോ ആകയുമാം. പിന്നെ ഒരു കാൎയ്യവും കൂടെ അദ്ദേഹ
ത്തിന്റെ മനസ്സിൽ ഉദിച്ചു. ഇതു ഭാൎയ്യയെ സംബന്ധി
ച്ചതായിരുന്നു. ഈ തരുണീരത്നത്തിന്നെ തന്റെ വാസ്തവാവ
സ്ഥയെ ധരിപ്പിക്കുന്നതെങ്ങിനെയാണ്? ധരിപ്പിക്കാതിരിക്കു
ന്നതും ആപൽക്കരമായിട്ടുള്ളതാണ്. എപ്പോഴാണു രഹസ

സംഗതി എല്ലാവരും അറിയുന്നതെന്നു രൂപമില്ല. അവൎക്കു യാതൊരു വിധത്തിലും മനോവേദനക്കു കാരണമാക്കി തീൎക്കുന്നതു തന്റെ ചിത്തയിൽപോലും പെട്ടന്നൊരുകാൎയ്യമല്ല. എന്നാൽ അതിനു അവസരം സന്നിഹിതവുമായിരിക്കുന്നു. ഇതിനെന്താണു നിവൃത്തിമാൎഗ്ഗം?

---

## അദ്ധ്യായം ൫.

കഴിഞ്ഞ അദ്ധ്യായത്തിൽ വിവരിച്ച വിരുന്നുസൽക്കാരം നടന്നദിവസം രാവിലെയാണല്ലൊ ചക്രവൎത്തിയെ പിന്തുടൎന്നു മേനോൻ റോഡിലിറങ്ങിപ്പോയതെന്നു പ്രസ്താപിച്ചതു്. അദ്ദേഹം കൂടെപ്പോയതിന്റെ ഉദ്ദേശം ഭാനുമതിയെ കാണുന്നതിനുതന്നെആയിരുന്നു. അതിനുള്ളകാരണം എന്താണെന്നു മേനവനുമാത്രമെ അറിയാമായിരുന്നുള്ളു. ഭാനുമതിയും കൂടി അറിഞ്ഞുകൊണ്ടുതന്നേയാണൊ ചക്രവൎത്തി തന്നെ കുടുക്കിലാക്കാൻ പുറപ്പെട്ടതെന്നു അദ്ദേഹത്തിനറിയേണമെന്നുണ്ടായിരുന്നു. കുട്ടപ്പമേനോൻ എന്നുള്ളപേരു തന്നെ അവൾ കഠിനമായി വെറുത്തിരിക്കണം. അവൾ അദ്ദേഹത്തിനോടു ലവലേശം ദയവുകാണിക്കുന്നതല്ല. പക്ഷെ ദൈവഗത്യാ ഈ വലയിൽനിന്നു രക്ഷപ്പെടുന്നതിനു വല്ലമാൎഗ്ഗവും കണ്ടേക്കാമെന്നു അദ്ദേഹം വിശ്വസിച്ചു. എങ്കിലും അന്നു ചക്രവൎത്തിയുടെ വീട്ടിൽവച്ചു അവളെ കാണുന്നതിനു സൌകൎയ്യപ്പെട്ടില്ല. അവൾ ഏകാകിനി ആയിരിക്കുമ്പോൾ അല്ലാതെ കാണുന്നതിനൊ സംസാരിക്കുന്നതിനൊ സാധിക്കുന്നതല്ല. എന്നിങ്ങിനെ വിചാരിച്ചുകൊണ്ടാണു അദ്ദേഹം അന്നു രാത്രി കണ്ടൻനായരുടെ ഗൃഹത്തിലേക്കു പോയതു്. അവിടെ നിന്നു ഊണുംകഴിച്ചു് തിരിച്ചു് തന്റെ സ്വന്തവസതിയിൽ ചെന്നപ്പോൾ നേരം ഏകദേശം അൎദ്ധരാത്രിയായിരുന്നു. തീരെഉറ

ക്കു പരാജയനിമിത്തം തന്റെ ഭവിഷ്യൽ സംഗതികളെ പ്പ റ്റി അദ്ദേഹം ശാന്തമായി ചിന്തിച്ചുതുടങ്ങി. കുറെ അധി കം നേരം വിചാരിച്ചതിന്റെശേഷം ഒരുവിധത്തിൽ ഇങ്ങി നെ തീർച്ചപ്പെടുത്തി. ചക്രവർത്തിയുടെ ചതിവിൽ താൻ പെട്ടു കയില്ല. പൊതുജനദ്രോഹമാകുന്ന മഹാപാപവും കൂടി അ തിൽ അന്തർഭവിച്ചിട്ടുണ്ട്; ആകയാൽ ഒരു പ്രകാരത്തിലും ആ വ്യാജക്കമ്പനിയിൽ തന്റെ പേരുകൂടി ഉൾപ്പെടുത്തുന്ന തിന്നു താൻ സമ്മതിക്കുന്നതല്ല; എന്തായാലും ചക്രവർത്തിയോ ടു ഇക്കാൎയ്യത്തെപ്പററി മൌനം ദീക്ഷിക്കുന്നതുന്നന്നല്ല; എന്നാ ലോചിച്ച് അയാൾക്കു താഴെപറയുന്ന എഴുത്തെഴുതി.

"നാം തമ്മിൽ പറഞ്ഞിട്ടുള്ള കാൎയ്യത്തെപ്പററി എനി ക്കു വേണ്ടവണ്ണമെല്ലാം ആലോചിക്കുന്നതിനുള്ളതുകൊണ്ടു് ഒരു മാസത്തെ അവധി തരണം. റിക്കാർഡുകൾ പരിശോധിച്ചു നോക്കിയതിൽ കാൎയ്യം അത്രക്ഷണത്തിൽ നടത്തപ്പെടേണ്ടു ഒ ന്നല്ലല്ലോ എന്നു ഞാൻ മനസ്സിലാക്കി. ഈ ഒരുമാസത്തേക്കു ഞാൻ ഇവിടെ ഉണ്ടായിരിക്കുന്നതല്ല. നിങ്ങളെ യാതൊരു വിധത്തിലും കബളിപ്പിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. അതിനാൽ ഇതാ ഈ എഴുത്തോടുകൂടി 500 രൂപായുടെ ചെ ക്കും അയക്കുന്നു. ഞാൻ തിരിച്ചുവന്നാൽ ഉടനെ ആയിരം രൂ പാകൂടെ തരുന്നതാണ്. ചെക്കിൽപറഞ്ഞിട്ടുള്ള ബാങ്കിൽചെ ന്നാവശ്യപ്പെട്ടാൽ പണംകിട്ടുന്നതാണ്. ഞാൻപറഞ്ഞ അവ ധിക്കുള്ളിൽ എന്നെകാണുന്നതിന്നു ശ്രമിക്കരുതു്. അത്യാവശ്യ മായ ഒരു ജോലിയാണു ഈ വിധം പ്രവർത്തിക്കുന്നതിന്നു എ ന്നെ പ്രേരിപ്പിക്കുന്നതു്. എന്റെ ജീവിതദശയിലെ ഏററവും ആപല്ക്കരമായ ഘട്ടംഇതാ പ്രത്യക്ഷപ്പെട്ടിരിക്കുന്നു. അതതാണ് ഏകാന്തമായിരിക്കുന്നതിന്നു തല്ക്കാലം ഞാൻ ശ്രമിക്കുന്നതു്."

ഈ വിധത്തിൽ എഴുത്തുമെഴുതി നിദ്രയെ പ്രാപിച്ച പ്പോൾ നേരം നാലുമണികഴിഞ്ഞു. പിറെറന്നാൾ കാലത്തെ ഏഴുനേരറു് കാപ്പികുടിയും കഴിഞ്ഞ് അദ്ദേഹം കണ്ടെൻനാ യരുടെ വീട്ടിൽ എത്തി. അവിടെ ഭാരതി മാത്രമെ ഉണ്ടായി രുന്നുള്ളു. രണ്ടുപേരും കൂടി മാളികയുടെ മുകളിലിരുന്നു വ ളരെനേരം സൈ്വരസല്ലാപം ചെയ്തു.

ഭാര—ഞാൻ അത്രമാത്രം സ്വാൎത്ഥതല്പരയാണെന്നൊ? കഷ്ടം! എനിക്കു പൂൎണ്ണസമ്മതം തന്നെ. ഈ വാക്കുകൾ ഭാരതിയുടെ സ്നേഹാധിക്യത്തെയാണല്ലോ സൂചിപ്പിച്ചതു. അവർ തമ്മിലുള്ള അനുരാഗത്തിന്റെ തീഷ്ണതയെ കഴിയുന്നതും ശിഥിലീഭവിപ്പിച്ച്, തനിക്കു അതിൽനിന്നും ഒഴിയണമെന്നായിരുന്നു അദ്ദേഹം ഈ ദുർദശയിൽ ആലോചിച്ചിരുന്നതു്. എന്നാൽ ഇപ്പോൾ അതിനും നിവൃത്തിയില്ലാതെ ആയി.

മേന—എന്നെപ്പോലെയുള്ള ഒരുവനും ഒരു സ്ത്രീയുമായി സ്നേഹിക്ക എന്നുള്ളതു സാധ്യമാണോ എന്നു ഞാൻ പലപ്പോഴും അത്ഭുതപ്പെടാറുണ്ട്. എന്നെസ്നേഹിക്കുന്നതിനു ഭാരതിയെ പ്രേരിപ്പിച്ച സംഗതികൾ എന്തെല്ലാമാണ്? എന്റെ സ്വഭാവഗുണമൊ, രൂപഗുണമൊ, യശസ്സോ എന്താണെന്നറിഞ്ഞാൽ കൊള്ളാം.

ഭാര—(ചിരിച്ചുകൊണ്ട്) കഷ്ടം! ഇപ്പറഞ്ഞ യോഗ്യതകളൊന്നും തന്നെ അങ്ങേയ്ക്കില്ലായിരുന്നു എങ്കിലും ഞാൻ ഈവിധത്തിൽ സ്നേഹിക്കുമായിരുന്നു. അങ്ങു ഒരു കൊലപാതകപ്പുള്ളിതന്നെ ആയിരുന്നാലും എന്റെ ഈ സ്നേഹത്തിനു വികാരം ഭവിക്കുന്നതല്ല.

മേന— ഭാരതി എന്തബദ്ധമാണു സംസാരിക്കുന്നതു്? സ്നേഹത്തിന്റെ ആ മഹത്തായ ശക്തിതന്നെയാണു ഇപ്രകാരം പറവാൻ പ്രേരിപ്പിക്കുന്നതു്.

ഭാര— ഒരിക്കലുമല്ല. ഞാൻ ഈശ്വരസാക്ഷിയായി പ്പറയുന്നു. അങ്ങേക്കു മുകളിൽപറഞ്ഞ വിധത്തിൽ യാതൊരുഗുണവും ഇല്ലെന്നിരിക്കട്ടെ, അങ്ങു ബാല്യത്തിൽ ദുർവൃത്തനും, അസത്യവാനും ആയിരുന്നു എന്നിരിക്കട്ടെ, അതല്ല ഇനിമേൽ അങ്ങിനെ സംഭവിക്കാൻ പോകുന്നു എന്നിരിക്കട്ടെ. എന്തുതന്നെ ആയാലും, എന്റെ ഈ യഥാൎത്ഥ സ്നേഹത്തിനു ഒരു ഭേദവും ജനിക്കുന്നതല്ല.

മേനവൻ എഴുനേററു ഭാരതിയെ ആലിംഗനംചെയ്തു അവളുടെ കപോലയത്തിൽ ചുംബിച്ചു. അദ്ദേഹം അറിയാതെ കണ്ണുനീർ ധാരയായി ആ തരുണീരത്നത്തിൻെറ കപോലയത്തെ മൂടിയിരുന്ന റവിക്കയെ നനച്ചു.

മേന— ഞാൻ അറിയാതെ ഇത്രയും പറഞ്ഞുപോയതിനു മാപ്പുതരണം, എന്നുപറഞ്ഞു പിന്നെയും പിന്നെയും അവളുടെ മൂർദ്ധാവിൽ ചുംബിച്ചു. "നമ്മുടെസ്നേഹത്തിനു യാതൊരു ഭേദവുംവരാതിരിക്കുന്നതിനു ജഗദീശ്വരൻ കടാക്ഷിക്കട്ടെ. ഞാൻ ഇന്നുതന്നെ പോകണമെന്നാണു തീർച്ചപ്പെടുത്തിയിരിക്കുന്നതു്. എനിക്കെന്തുതന്നെ സംഭവിക്കയായിരുന്നാലും ഭാരതിക്കു ഒന്നും തോന്നരുതു്. പരമാർത്ഥം അറിയുന്നതുവരെ യാതൊരു വിധത്തിലും ഭയപ്പെടുകയും അരുതു്."

"എന്നെപററി ആ ശങ്കകളൊന്നുംതന്നെ ആവശ്യമില്ല." എന്നു കണ്ണീരോടുകൂടി ഭാരതി പറഞ്ഞു. എങ്കിലും അവളുടെ മനസ്സിൽ അവരുടെ വിരഹ വിചാരത്തിൽ ഉണ്ടായിരുന്ന തീവ്ര വേദന ദുസ്സഹമായിരുന്നു. അതി ധീരയായിരുന്ന അവൾ അതിനെ ആ അവസരത്തിൽ വളരെ കുറച്ചു മാത്രമെ പുറത്തു കാണിച്ചുള്ളു.

ഭാര—ഇനി വരുമ്പോൾ, ദേഹംനന്നെ തടിച്ചു, മിടുക്കനായിരിക്കണം.

മേന—(പെട്ടെന്നെന്തൊ തോന്നിയതു പോലെ) എനിക്കെന്തൊ ദുരാപത്തു അത്യാസന്നമായിരിക്കുന്നു എന്നു തോന്നുന്നു.

ഭാര—അതിനുള്ള അടയാളങ്ങൾ ഞാൻ ഇന്നലെ കണ്ടു തുടങ്ങി. മേനവൻെറ മുഖത്തു വലുതായ പരിഭ്രമം നേരിട്ടിരുന്നു. പക്ഷെ ഞാൻ അതിനെപ്പററി ഒന്നും ചോദിക്കണമെന്നു വിചാരിക്കുന്നില്ല. എന്തുതന്നെ വന്നാലും നാം രണ്ടുപേരും ഒന്നുതന്നെ. എന്നുപറഞ്ഞു മേനവൻെറ കൈകളെ ചുംബിച്ചു.

തന്റെ പ്രാണപ്രിയതമയായി തീരാനിരിക്കുന്ന ഭാരതിയുടെ കര പല്ലവ ബന്ധനത്തിൽ നിന്നും വിമുക്തനായി ഒരു വിധത്തിൽ മേനവൻ പുറത്തു കടന്നു, കോമപ്പണിക്കരുടെ ഗൃഹത്തിൽ ചെന്നു പണിക്കരെ കണ്ടിങ്ങിനെ പറഞ്ഞു.

മേന—പണിക്കരുടെ ജനരഞ്ജന മുതലായ സൽഗുണങ്ങളോക്കെയും എനിക്കു വിട്ടുപിരിയുന്നതിനു വളരെ മനസ്താപമായിരിക്കുന്നു. എങ്കിലും തൽക്കാലം നിവൃത്തിയില്ലാതെയാണല്ലൊ വന്നിരിക്കുന്നത്. ഒരു കാൎയ്യം എനിക്കു പറവാനുണ്ട്. ആരെങ്കിലും ഇവിടെ വന്ന് എന്നെ പററി വല്ല അപരാധവും പറഞ്ഞുണ്ടാക്കുകയൊ എന്നെ ദ്രോഹിക്കുന്നതിനു വിചാരിക്കയൊ ചെയ്യുന്ന പക്ഷം ആ വിവരം ഉടൻ എന്നെ ധരിപ്പിക്കണം. എന്റെ മേൽവിലാസം ഇതാ. നിങ്ങളെ തന്നെയും എന്റെ വിരോധിയാക്കുന്നതിനു വല്ല ദ്രോഹികളും എന്റെ കഷ്ടകാലം നിമിത്തം ശ്രമിച്ചേക്കാം. എങ്ങിനെ ആയാലും എന്നെ മുൻകൂട്ടി ധരിപ്പിക്കാതെ യാതൊന്നും പ്രവൎത്തിച്ചേക്കരുത്.

പണി—അങ്ങിനെ തന്നെ.

മേന—അത്യാവശ്യം നേരിടുന്നെങ്കിൽ മാത്രമെ എനിക്കെഴുതാവൂ എന്നുകൂടി പറഞ്ഞു കൊള്ളട്ടെ. ഞാൻ ആരോഗ്യത്തിനു വേണ്ടി സ്ഥലം മാറിത്താമസിക്കുന്നതായിരിക്കും; അതിനാൽ അപ്പോൾ മനസ്സിനു യാതൊരു പ്രകാരത്തിലും അസ്വാസ്ഥ്യം നൽകരുതല്ലൊ.

## അദ്ധ്യായം ൩.

മേനോൻ സീതമംഗലം വിട്ടുപോയിട്ടു നാലാഴ്ച വട്ടം കഴിഞ്ഞു. ഭാരതിക്കു കൂടെ കൂടെ അദ്ദേഹത്തിൻെറ പക്കൽ നിന്നും എഴുത്തുകൾ കിട്ടാറുണ്ടെങ്കിലും, അവയിൽ യാതൊരു സ്ഥിരാഭിപ്രായങ്ങളും കാണാഞ്ഞതിനാൽ അവൾ വല്ലാതെ പരിഭ്രമിച്ചു. എങ്ങിനെയെങ്കിലും മേനവൻെറ ക്ഷീണിച്ചിരുന്ന ദേഹത്തിനു ശരിയായ ആരോഗ്യമുണ്ടാകുന്ന പക്ഷം എല്ലാകാൎയ്യങ്ങളും മംഗളമായി തന്നെ പരിണമിക്കുമെന്നു അവൾ വിശ്വസിച്ചു. ചക്രവൎത്തി ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം മുതലായ സ്ഥലങ്ങളിൽ തൻെറ വ്യവസായക്കമ്പനിക്കു വേണ്ട ഓഹരിക്കാരെ തേടിപ്പിടിക്കുന്നതിനായി സഞ്ചരിക്കയായിരുന്നു. അതുകൊണ്ടു അയാളുടെ വസതിയിൽ ഭാനുമതി മാത്രമെ അക്കാലത്തു താമസിച്ചിരുന്നൊള്ളു. അവൾക്കു മേനവൻ സീതമംഗലത്തുണ്ടെന്നുള്ള ബോധം തന്നെ ഇല്ലായിരുന്നു. അവളുടെ ജന്മോദ്ദേശ്യമായി കരുതിയിരുന്നതു തൻെറ പ്രാണ പ്രിയതമൻെറ പ്രാണഹാനിക്കു കാരണ ഭൂതനായിതീൎന്ന മേനവൻെറ നാശം വരുത്തുന്നതു ഒന്നു മാത്രമായിരുന്നു. വളരെനാളായി പ്രതീക്ഷിച്ചിരുന്നതും അതിലേക്കു തക്കതായ ഒരവസരമായിരുന്നു. എന്നാൽ സ്വാൎത്ഥതല്പരനായ ചക്രവൎത്തി, മേനവൻ സീതമംഗലത്തുള്ള വിവരം അവളിൽ നിന്നും ഗോപ്യമായി വച്ചുകൊണ്ടിരുന്നു. അവൾ ഈ വസ്തുത നേരെത്തെ അറിഞ്ഞിരുന്നു എങ്കിൽ കാൎയ്യങ്ങൾ വേറെ വിധത്തിൽ സംഭവിക്കുമായിരുന്നു. അവളുടെ ഭൎത്താവിനുമിക്കപ്പോഴും അവളെ പിരിഞ്ഞു താമസിക്കേണ്ടി വന്നതിനാൽ അവൾ വീട്ടിൽ ഏകാകിനിയായിരുന്നു. ഒരു ദിവസം രാത്രി അവൾ വിചാരമഗ്നയായി "സത്യനാദം" എന്ന പത്രവും കയ്യിൽ വച്ചുകൊണ്ടു അലക്ഷ്യഭാവത്തിൽ ഇരിക്കുമ്പോൾ കടലാസിലെ ഒരു പരസ്യം അവളുടെ ശ്രദ്ധയെ അസാധാരണമായ വിധത്തിൽ ആകൎഷിച്ചു. നോക്കിയപ്പോൾ കണ്ടതിതായിരുന്നു.

"ബ്രിട്ടിഷ് മലബാർ കാരനും, ആറേഴ് വൎഷങ്ങൾക്കുമു
മ്പിൽ കൽക്കട്ടായിൽ വൈദ്യശാസ്ത്രം അഭ്യസിച്ചു കൊണ്ടിരു
ന്നയാളും, പ്രയാഗ മുതലായ സ്ഥലങ്ങളിൽ അല്പകാലത്തേ
ക്കു സഞ്ചരിച്ചു കൊണ്ടിരുന്നയാളും ആയ അപ്പുനായർ എ
ന്ന യുവാവ് ഇപ്പോൾ ജീവിച്ചിരിപ്പുണ്ടോ? ഉണ്ടെങ്കിൽ എ
വിടെ? എന്നും മററു മുള്ള സംഗതികൾ അറിയുന്നതിന്നു ഞാ
ൻ താല്പൎയ്യപ്പെടുന്നു. അപ്രകാരം അറിവിച്ചു തരുന്നവൎക്കു തക്ക
തായ പ്രതിഫലം നൽകപ്പെടുന്നതാണ്"

എന്ന് കോമുപ്പണിക്കർ.

സീതമംഗലം.

ക്ഷീണിച്ചിരുന്ന ഈ യോഷാരത്നത്തിന്റെ മുഖം പ്രസ
ന്നമായി. ഉത്സാഹമായി പ്രവൎത്തിക്കേണ്ട കാലം സന്നിഹി
തമായിരിക്കുന്നു എന്നവൾക്കു തോന്നി. പ്രതിഫലത്തെ പ
ററിയുള്ള കാംക്ഷ അവൾക്കില്ലായിരുന്നു. മേനവന്റെ നേ
ൎക്കുള്ള പ്രതികാരേച്ഛ ഒന്നുമാത്രമാണ് അവളുടെ മനസ്സിൽ
ഉജ്ജ്വലിച്ചതു്. എന്നു മാത്രവുമല്ല ഒരു ഹീനവും, പരിതാപ
കരവുമായ കൊലക്കുററത്തിന്റെ കൎത്തൃഭൂതനെ ലോകൎക്കു വെ
ളിപ്പെടുത്തിക്കൊടുക്കുന്നതിൽ ഉണ്ടാകാവുന്ന ചാരിതാൎത്ഥ്യവും,
ബഹുമാനവും തനിക്കു ലഭിക്കുമെന്നും അവൾ ദൃഢമായുംവി
ശ്വസിച്ചു. പ്രയാഗയിൽ നിന്നും വടക്കു വളരെ ദൂരെയുള്ള
വിജന പ്രദേശത്തിൽ മരിച്ചു കിടക്കുന്ന തന്റെ പ്രാണപ്രി
യനേയും അദ്ദേഹത്തിനെ നിഗ്രഹിച്ച ആ ദുഷ്ട പുരുഷനേ
യും പററി പത്രത്തിലെ ജിജ്ഞാസുവിന്നു അറിവു കൊടുക്കു
ന്നതിൽ അവൾ അത്യാസക്തയായി തീൎന്നു. തൽക്ഷണം ത
ന്നെ ആ കൃത്യം നടത്തിക്കളയാമെന്നു അവൾ തീർച്ചപ്പെടു
ത്തി എഴുന്നേററു. അപ്പോഴാണു സമയം അൎദ്ധരാത്രിയായിരു
ന്നതു് എന്നുള്ള ബോധം അവൾക്കുണ്ടായതു. അതുകൊണ്ടു പൂ
ൎവ്വസ്ഥിതിയിൽകിടന്നു. ഇവളുടെ അവസ്ഥ വിചാരിച്ചു നോക്കി
യാൽ കഷ്ടതരമായ ഒന്നായിരുന്നു. മനഃപരിഷ്കാരം തീരെ ഇ
ല്ലാതിരുന്നതിനാൽ ലോകത്തിലുള്ളവർ എല്ലാവരും ദുഷ്ട
നായ അവളുടെ പിതാവിനെപ്പോലെയുള്ളവരാണെന്നാ

ണ വിചാരിച്ചതു്. ഒരാളെ മാത്രമേ സൽസ്വഭാവിയായിട്ട അവരം ഗണിച്ചൊള്ളു. അതു അപ്പുനായരെ തന്നെ ആയിരുന്നു. അദ്ദേഹത്തിൻെറ സഹവാസം ഭൂലോകത്തിലെ സ്വൎഗ്ഗാനുഭവമായിട്ടാണ അവരം വിചാരിച്ചതു. അദ്ദേഹം ചരമഗതിയെ പ്രാപിച്ചു എന്നറിഞ്ഞ നാരം മുതൽ അവരംക്കു സ്വസ്ഥതയുണ്ടായിട്ടില്ല. രാത്രികാലങ്ങളിൽ സുഖനിദ്രയുണ്ടായിട്ടില്ല. ആഹാരത്തിനു രുചിയുണ്ടായിട്ടില്ല. പ്രിയതമൻെറ ദ്രോഹി മരിച്ചു എന്നുള്ള വൎത്തമാനം മാത്രമെ അവരംക്കു അല്പമെങ്കിലും ആശ്വാസത്തെ കൊടുക്കുന്നതിനു ശക്തിയുള്ളതായിട്ട ഒരു വസ്തുവൊള്ളു. വിളക്കുഅണച്ചിട്ടില്ലായിരുന്നതിനാൽ അവരം വീണ്ടും പത്രം കയ്യിലെടുത്തു നോക്കി. ഒരുപംക്തിയുടെ മൂലയിൽ പിന്നെയും അതിശയകരമായ ഒരു വാൎത്ത കണ്ടു അതിതായിരുന്നു:

"ഡാക്ടർ കുട്ടപ്പമേനവൻെറ പ്രസംഗം മുൻപ്രസ്താവിച്ചിരുന്നപ്രകാരം ഈ ആഴ്ച നടക്കുന്നതല്ല. അദ്ദേഹം ദേഹാരോഗ്യം പ്രമാണിച്ച് ആലുവായ്ക്കു പോയിരിക്കുന്നതിനാൽ ഒരു മാസം കഴിഞ്ഞെ ഈ പ്രസംഗം നടക്കുകയുള്ളു."

"പൊതുജനപ്രസംഗസംഘം"

കാൎയ്യങ്ങളുടെഅത്ഭുതഘടന ഈ വിധത്തിലെല്ലാം വന്നതിൽ അവരംക്കു പരിഭ്രമം കലശലായി. എന്തായാലും നേരംവെളുത്തല്ലാതെഒന്നിനും നിവൃത്തിയില്ലല്ലോ എന്നിങ്ങനെ ആശ്വസിച്ച് കിടക്കയിൽ കിടന്നു കഴിച്ചുകൂട്ടി. അച്ഛൻ അവിടെ ഇല്ലാതിരുന്നതും ഭാഗ്യകാലമായി എന്നവരം തീൎച്ചപ്പെടുത്തി. രാവിലെശയനസ്ഥലത്തുനിന്നും എഴുന്നെററപ്പോരം അവരംക്ക് അസാധാരണമായ ഒരു ഉന്മേഷം ഉണ്ടായിരുന്നു. ഒരു ചെറിയ കലണ്ടർ എടുത്തു നോക്കിയപ്പോരം മേനോൻ താമസിച്ചിരുന്ന ക്ലബ്ബ് ഇന്നതാണെന്നു അവരംക്കു മനസ്സിലായി. ഉടനെ അവരം അങ്ങോട്ടു പുറപ്പെട്ടു. പക്ഷേ അവിടെ ചെന്നപ്പോരം കേട്ട വൎത്തമാനം അത്ഭുതകരവും നിരാശാഹേതുകവും ആയിരുന്നു. അതായതു, കുട്ടപ്പമേനോൻ സ്ഥലംവിട്ടു പോയിരിക്കയാണെന്നും തിരിച്ചുവരുന്ന കാൎയ്യം നിശ്ചയമ

ല്ലെന്നും ആയിരുന്നു. "കഷ്ടമേ, എന്റെ ശത്രു രക്ഷപ്പെട്ട ല്ലോ. അദ്ദേഹത്തിനു ഞാൻ ഇവിടെയുള്ളകാൎയ്യം മനസ്സി ലായോ? അച്ഛൻ അദ്ദേഹത്തെ കണ്ടിരിക്കുമോ? എന്തായാ ലും ഈ നിരാശയ്ക്കു കീഴടങ്ങി എന്റെ മഹത്തായ ഉദ്യമ ത്തിൽ നിന്നും വിരമിക്കുന്നതു യുക്തമല്ല. ഒന്നുകൂടി പരീ ക്ഷിക്കതന്നെ. ഇങ്ങിനെ ആലോചിച്ചുകൊണ്ടു അവൾ നേ രെ കോമപ്പണിക്കരുടെ ഗൃഹത്തിൽ എത്തി. പണിക്കർ തൽക്കാലം അവിടെ ഇല്ലാതിരുന്നതിനാൽ കുറച്ചുനേരം കാ ത്തിരിക്കേണ്ടിവന്നു. അപ്പോഴും ഓരോവിധം മനോവിചാ രങ്ങൾ അവളെ പീഡിപ്പിച്ചു. "പണിക്കരും മേനവനുമാ യി കൂട്ടുകെട്ടായിരിക്കാം. എങ്കിലും മേനവന്റെ പൂൎവസ്ഥി തികളെ പററി അറിഞ്ഞിട്ടില്ലായിരിക്കാം എന്നുണ്ടോ? ഒരു പക്ഷെ എന്റെ മനോഗതത്തെ ശിഥിലീകരിപ്പിക്കുന്നതിനു ഇവർ ഒത്തൊരുമിച്ചു പ്രവൎത്തിക്കയായിരിക്കുമോ?"

ഉടനെ പണിക്കർവന്നു് അവളെ യഥാവിധി സല്ക്കരിച്ചി രുത്തി. പണിക്കർ പ്രകൃത്യാ സ്ത്രീകളെ സ്നേഹിക്കുന്നവനല്ലാ യിരുന്നു. എങ്കിലും സൌന്ദൎയ്യവതികളാണെങ്കിൽ അല്പനേരം നോക്കിക്കൊണ്ടിരിക്കാറുപതിവുണ്ടു്. ഭാനുമതിയുടെ പുഞ്ചി രിയും, ചഞ്ചലമിഴികളും തഞ്ചമാന്ന ഭാവവുംകണ്ടു് അദ്ദേഹം ഒന്നു ഭ്രമിക്കാതിരുന്നില്ല. അതിനാൽ സംഭാഷണംചെയ്യുന്നതി നു അത്യാസക്തനായിത്തീൎന്നു.

പണി—പത്രത്തിൽകണ്ട പരസ്യപ്രകാരം അറിവുതരുന്നതി നാണൊ വന്നതു്?

ഭാനു—നിങ്ങൾ എത്രകാലം പരസ്യം ചെയ്തുകൊണ്ടിരുന്നാ ലും ആവശ്യപ്പെടുന്ന പുരുഷനെ ഈ ജന്മം കാണ്മാൻ സാധിക്കുന്നതല്ല.

പണിക്കർ— എന്തു? അപ്പുനായർ മരിച്ചുപോയോ?

ഭാനു— മരിച്ചിട്ടാറുകൊല്ലം കഴിഞ്ഞിരിക്കുന്നു.

പണി— ദുരദൃഷ്ടമേ! എവിടെ വച്ചാണു് മരിച്ചതെന്നറി യാമൊ?

ഭാനു — ഹിമവൽ പൎവ്വതനിരയുടെ ഒരു സാനുവിൽവച്ചാണ്.

പണി-- ഉം! ദുരദൃഷ്ടമെ, ദീനമെന്തായിരുന്നു?

ഭാനു— ഒന്നുമുണ്ടായിരുന്നില്ല. വധിക്കപ്പെട്ടതാണ്.

പണി— അയ്യൊ! ഘാതകനാരാണ്?

ഭാനു—ഘാതകൻ ഒരു നായർയുവാവ്വാ അപ്പുനായരുടെ സ്നേഹിതനും ആണ്.

പണി—വാസ്തവം തന്നെയോ ഇതു്? എങ്ങിനെയാണ് നിങ്ങൾക്കു മനസ്സിലായതു്?

ഭാനു—അവിടെ സഞ്ചരിച്ചിരുന്ന വേടന്മാർ പറഞ്ഞാണു ഞാൻ അറിഞ്ഞതു്. ആംഗ്ല അയച്ച് അന്വേഷിച്ചതിൽ മൃതശരിരത്തിൻെറ അവശിഷ്ടവും കണ്ടു.

പണി—മരിച്ചയാളേയും, ഘാതകനേയും നായന്മാരാണെന്നും മററും എങ്ങിനെ മനസ്സിലാക്കി?

ഭാനു—അവർ രണ്ടുപേരും പ്രയാഗയിൽ എൻെറ ഗൃഹത്തിലാണ് താമസിച്ചിരുന്നതു്. ഒരു മാസം താമസിച്ചതിൻെറ ശേഷമാണ് പൎവ്വതസഞ്ചാരത്തിനു പോയതു്.

പണി—രണ്ടുപേരെയും നല്ലപോലെ അറിയാമേ ?

ഭാനു—അറിയാം. ആ ഘാതകൻ തിരിച്ചെൻെറ ഗൃഹത്തിലെത്തി സ്വല്പം താമസിച്ചതിൽ പിന്നീടാണ് പൊയ്ക്കളഞ്ഞതു്.

പണി—വേറെ ആൎക്കെങ്കിലും ഇവരെ അറിയാമോ?

ഭാനു—എൻെറ അച്ഛനറിയാം.

ഈ വിവരങ്ങളെല്ലാം ഒരു കടലാസിൽ കുറിച്ചുകൊണ്ടിരുന്ന പണിക്കർ പേന താഴെ വച്ച് അല്പനേരം ഭാനുമതിയുടെ മുഖത്തു സൂക്ഷിച്ചുനോക്കി. മുഖഭാവത്തിൽ നിന്നും അവൾ പറഞ്ഞതെല്ലാം വാസ്തവമായിരിക്കണമെന്നു അദ്ദേഹം തിർച്ചപ്പെടുത്തി.

പണി—ഘാതകന്റെ പേരെന്താണ്?

ഭാനു—കുട്ടപ്പമേനോൻ.

പണി—എന്തു? കുട്ടപ്പമേനോനൊ? തന്റെ വിശ്വസ്തമിത്രമായ കുട്ടപ്പമേനോന്റെ പേരും ഘാതകന്റെ പേരുമായി യോജിച്ചതിൽ അദ്ദേഹം വളരെ അത്ഭുതപ്പെട്ടു.

ഭാനു—സംശയിക്കേണ്ട. ഇതിൽ ലേശംപോലും വ്യാജമില്ല.

പണി—ഈ കുട്ടപ്പമേനവന്റെ ജോലി എന്തായിരുന്നു? ഇപ്പോൾ എന്തു?

ഭാനു—അദ്ദേഹം അന്നു കല്ലൂട്ടായിൽ വൈദ്യശാസ്ത്രം പഠിച്ചുകൊണ്ടിരുന്നു. ഇപ്പോൾ ഈ സീതമംഗലത്തെ ഒരു പ്രധാന ഡാക്ട്ടറാണ്.

ഈ വത്തമാനം പണിക്കരെ കേവലം അസ്വസ്ഥചിത്തനാക്കി. "മേനവൻ ഇങ്ങിനെയുള്ള ഒരു ഘോരകൃത്യം ചെയ്കയൊ? ഇത്രമര്യാദക്കാരനായിട്ടും, ആത്മപരിത്യാഗം ചെയ്യുന്നവനായിട്ടും ലോകത്തിൽ ആരുണ്ട്? ഇദ്ദേഹം ഒരുഘാതകനോ? ഈ ദുസ്സാദ്ധ്യമായ സംഗതിയെ എങ്ങിനെ വിശ്വസിക്കും? ഈ നിർദ്ദയമായ വിചാരത്തിനുപോലും മനസ്സിനെ അനുവദിക്കാൻ പാടുള്ളതല്ല. കഷ്ടം! കഷ്ടം!" ഇങ്ങിനെ ആലോചിച്ചതിന്റെശേഷം,

പണി—നിങ്ങൾ തന്ന അറിവിലേല്ക്ക ഞാൻ വളരെവളരെ കൃതജ്ഞനായിരിക്കേണ്ടവനാണ്. പക്ഷെ, ഈ ഒരു സംഗതി എനിക്കു വിശ്വാസയോഗ്യമായി തീരുന്നില്ല. നമ്മുടെ കുട്ടപ്പമേനോൻ ഇങ്ങിനെ ഒരു കൃത്യം നടത്തുന്നവനല്ല. നിങ്ങൾക്കു അദ്ദേഹത്തെ പരിചയമുണ്ടെന്നു പറയുന്നതു വെറുതെതന്നെ. പരിചയമുണ്ടായിരുന്നുഎങ്കിൽ ഇങ്ങിനെ ഒരിക്കലും പറയുകയില്ലായിരുന്നു.

ഭാനു—കള്ളം പറഞ്ഞുനിങ്ങളെ കബളിപ്പിക്കണമെന്നാണ എന്റെ ആഗ്രഹമെങ്കിൽ ഞാൻ ഇത്രത്തോളം പ്രവ

ത്തിക്കണമെന്നുണ്ടോ? അതുതന്നേയുമല്ല, ഞാൻ അത്ര ക്കമാത്രം ഒരു അന്തസ്സാരവിഹീനയാണെന്നു നിങ്ങാ കരുതുന്നൊ?

പണി--ഞാൻ നിങ്ങളെ ഒരു പ്രകാരത്തിലും ദൂഷിക്കുന്നില്ല.

പിന്നീട്ട ഭാനുമതി നടന്ന കഥയത്രയും വിസ്തരിച്ചു പറഞ്ഞു് പണിക്കരെ കേൾപ്പിച്ചു. അദ്ദേഹത്തിന്റെ സ്ഥിതിവളരെ അപകടത്തിലായിതീൎന്നു. പണിക്കർ അപ്പുനായരുടെ അമ്മാവന്റെ മരണത്തേയും മരണശാസനത്തേയും പററി മേനവനോട്ട പറഞ്ഞപ്പോൾ അദ്ദേഹം കേവലം മൌനം അവലംബിക്കാനുള്ള കാരണമെന്താണു? എന്നുതന്നെയുമല്ല ആ വൎത്തമാനം അദ്ദേഹത്തിൽയാതൊരു ഭാവഭേദത്തേയും ഉളവാക്കിയതുമില്ല. പണിക്കൎക്ക മേനവനെ സംശയിക്കുന്നതിനും ചിലകാരണങ്ങൾ ഉണ്ടായിരുന്നു. ഇത്രക്ഷണം അദ്ദേഹം സ്ഥലംവിട്ടുപോയതു ദേഹാരോഗ്യം ഒന്നുമാത്രം കരുതിയിട്ടാണൊ? അല്ലെന്നുവിചാരിക്കുന്നതിനു യാതൊരുതെളിവും കണ്ടില്ല.

"കഷ്ടം! അദ്ദേഹത്തെ കൊലപാതകിഎന്നു സംശയിക്കയോ? ഒരിക്കലും വയ്യ. ഭാനുമതിയുടെ ഈവ്യാജനിൎമ്മിതിയെ ഓൎത്തു് അദ്ദേഹം വിവശനായി. എന്തായാലും തൽക്ഷണം ഒരുകൃത്യം നടത്താൻ തനിക്കുണ്ടെന്നു ബലമായിതോന്നി. അതായതു ഈകാൎയ്യത്തെ പററിമേനവനെ അറിവിക്കാമെന്നുള്ളവാൎത്തംതന്നെയായിരുന്നു്. ഭാനുമതിയെ തല്ക്കാലം ശാന്തപ്പെടുത്തേണ്ടതും അത്യാവശ്യംതന്നെയാണെ" എന്നിങ്ങനെ ആലോചിച്ചു്

പണി—നിങ്ങൾ എന്തായാലും ഒരു കാൎയ്യം വേണം. ഞാൻഈ സംഗതിയുടെ സൂക്ഷ്മാവസ്ഥയെ പററിഅന്വേഷിച്ചു് ഉന്നുണ്ടാക്കുന്നതുവരെ ആരോടും ഇതിനെ പററിഉരിയാടരുതു്. മേൽവിലാസം പറഞ്ഞു തന്നാൽ അവസരോചിതമായി ഞാൻ നിങ്ങളേ വേണ്ടും കാൎയ്യങ്ങളെ പററി തെൎയ്യപ്പെടുത്തി ക്കൊള്ളാം.

പണിക്കരുടെ ഈ വാക്കുകൾ ഭാനുമതിക്ക് അത്ര രുചിച്ചില്ല. താൻ ഏതൊരു സമയത്തു ഈ രഹസ്യ സംഗതിയെ വെളിക്കു വിടുന്നുവൊ ആ നിമിഷത്തിൽ മേനവന്റെ കഴുത്തിൽ കുടുക്കുവെയ്ക്കാമെന്നായിരുന്നു അവൾ ദൃഢമായി വിശ്വസിച്ചിരുന്നതു. പണിക്കരുടെ മന്ദത അതിനാൽ അവൾക്കു അസാമാന്യമായ നീരസത്തെ ജനിപ്പിച്ചു. എന്തായാലും ഇയ്യാളുടെ അടുക്കൽ ഇരുന്നിട്ടു ഇനി വലിയ കാൎയ്യസാദ്ധ്യമൊന്നും ഉണ്ടാകാനില്ലെന്നു നിശ്ചയിച്ചു കൊണ്ടു്.

ഭാനു—മേനവന്റെ ശിക്ഷ എന്തായിരിക്കും?

പണി—അതിപ്പോൾ പറയുന്നതിനു പ്രയാസമായിരിക്കുന്നു.

ഭാനു—ഉം. കൊലക്കുററത്തിനു ഒരു ശിക്ഷ മാത്രമെ ഉള്ളൂ എന്നാണെല്ലൊ കേട്ടിരിക്കുന്നതു്.

പണി—ശരിതന്നെ—കൊലക്കുററമാണെന്നു തെളിയിക്കണ്ടെ? എത്രതന്നെ തെളിവുകൾ ശേഖരിക്കുന്നപക്ഷവും മേനവൻ ഇക്കുററത്തിൽ ഉൾപ്പെട്ടു എന്നെ വരികയെയൊള്ളൂ.

32D 94250 032:3M853:11 E1

ഭാനു—അങ്ങിനെയാണെങ്കിൽ ശിക്ഷയെന്തായിരിക്കും?

പണി—തടവു്.

ഭാനു—ഉം. തടവൊ? ഈ ഘാതകനു തടവുമാത്രമൊ? ഈശ്വരനുണ്ടല്ലൊ സാക്ഷി സൎവ്വത്തിനും.

പണി—ഈശ്വരനൊ, നമ്മളിൽ ആരെങ്കിലുമൊ അറിഞ്ഞിരുന്നാൽ മതിയൊ. കോടതിയിൽ തെളിവല്ലെ കാൎയ്യം?

ഭാനുമതി മേനവന്റെ മുഖത്തു് കോപഭാവത്തിൽ ഒന്നുനോക്കി. പണിക്കരുടെ സകല വാക്കുകളും ഘാതകനെ അനുകൂലിക്കുന്നവയായിരുന്നു. പക്ഷവാദിയായ ഒരുത്തൻ പറയുന്നതെല്ലാം അയാളുടെ അനുകൂലസംഗതിയെ സഹായിക്കുന്നതായിരിക്കുമല്ലൊ. അവൾക്കാകപ്പാടെ പണിക്കർവെറുത്തു. ഇയ്യാൾ ഈ കേസിനെ അമൎച്ച ചെയ്യുന്നതിനേ ശ്രമിക്കയൊള്ളൂ എന്നു അവൾക്കു ബലമായിതോന്നി. എന്നുതന്നെയുമല്ലാ നീതിന്യായക്കോടതികൾ മുഖേന മേനവനോടു

ള്ള തന്റെ പ്രതീകാരം സാദ്ധ്യമല്ലെന്നും അവൾ തീരുമാനി ച്ചു. ഉടനെതന്നെ പണിക്കരോടു യാത്ര വാങ്ങിത്തിരിച്ച് അവ ൾ സ്വഗൃഹത്തിലെത്തി. അവിടെ ചക്രവത്തിയുടെ ഗ്രന്ഥനി ക്ഷേപകമായ ഒരു പെട്ടിതുറന്നു ഒരു റിവാൾവറും ഏതാനും ഉണ്ടകളും കരസ്ഥമാക്കി ഏളിയിൽ സ്ഥാപിച്ചു.

## അദ്ധ്യായം ൭.

ഒരിക്കൽകൂടെ മേനവന്റെ ഗൃഹത്തിൽ പോയി അ ദ്ദേഹം തിരിച്ചെത്തീട്ടില്ലെന്നു അറിഞ്ഞതിന്റെ ശേഷം ഭാനുമതി ഇനി ചെയ്യേണ്ടതെന്താണെന്നുള്ളതിനെ പററി ആലോചിച്ചു തുടങ്ങി. മേനവന്റെ കമ്പനിയുദ്യോ ഗ നടപടികളെ പററി അവൾ ചിലതെല്ലാം ഗ്രന്ഥമായി പോററിയുടെ അടുക്കൽ നിന്നും അറിഞ്ഞു. ധനസമ്പാദനത്തി ലുള്ള അത്യാസക്തി മൂലമാണ് അദ്ദേഹം കമ്പനി സ്ഥാപി ക്കാൻ തുടങ്ങുന്നതെന്നും അവൾ തീർച്ചപ്പെടുത്തി. അതിന്റെ ശേഷം ഉച്ചതിരിഞ്ഞപ്പോൾ അവൾ കോമപ്പണിക്കരെ സ ന്ദർശിച്ചു. അവൾ പോയ കാര്യത്തെപററി പണിക്കരോടു ഇങ്ങിനെ ഉപക്രമിച്ചു.

"ഇത്ര ഗൌരവമേറിയ ഒരു കാര്യത്തിൽ ഞാൻ എ ന്നും മൌനം അവലംബിച്ചിരിക്കണമെന്ന് നിങ്ങൾ പറ യുന്നതിന്റെ അർത്ഥം എനിക്കു മനസ്സിലാകുന്നില്ല. ഈ ര ഹസ്യ സംഗതിയെ വെളിപ്പെടുത്തുന്നതായിരുന്നാൽ എനി ക്കു അനേകം കാര്യങ്ങൾ സാധിപ്പാനുണ്ടായിരുന്നു. ഒന്നാമ ത്തു പണത്തിന്റെ ബുദ്ധിമുട്ടുതന്നെ."

പണത്തിന്റെ കാര്യം പറഞ്ഞതോടുകൂടി ഇതെല്ലാം തന്നെ കബളിപ്പിക്കുന്നതിനെടുത്ത സൂത്രമാണെന്നു പണിക്ക

ക്കു തോന്നിത്തുടങ്ങി. എങ്ങിനെയെങ്കിലും തല്ക്കാലം അവരാ ആവശ്യപ്പെടുന്ന പണം കൊടുത്തിട്ടെങ്കിലും അവളെ സ്വാധീനത്തിൽ വച്ചു കൊണ്ടിരിക്കേണ്ടതു അത്യാവശ്യമെന്നു കരുതി.

പണി--ഇപ്പോൾ അത്യാവശ്യമുള്ള തുക എന്താണ്?

ഭാനു--അധികമൊന്നും വേണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല.

പണി--എങ്കിലും ഒരു നൂറുവരാഹൻ മതിയൊ?

ഭാനു—ധാരാളംമതി. എന്നു പറഞ്ഞു പണവും വാങ്ങിക്കൊണ്ടു അവരാ വീണ്ടും മേനവന്റെ വസതിയിൽ എത്തി, അരമണിക്കൂർ നേരം പോററിയോടു സംസാരിച്ചതിന്റെ ഫലമായി അയാരാ അവളുടെ വശത്തായി. താൻ കുട്ടപ്പമേനവനാൽ ത്യജിക്കപ്പെട്ട അദ്ദേഹത്തിന്റെ ഭാര്യയാണെന്നും, രണ്ടുപേരും തമ്മിൽ പിരിഞ്ഞിട്ടു വളരെക്കാലമായി എന്നും, അദ്ദേഹം തിരിച്ചെത്തുമ്പോരാ കാണത്തക്കവിധത്തിൽ അവളെ അവിടെ കാത്തിരിക്കുന്നതിനു അനുവാദിക്കണമെന്നു. ഇതിനനുവാദിക്കുന്ന പക്ഷം നൂറുവരാഹൻ കൊടുക്കത്തക്കാമെന്നു. പറഞ്ഞു പണസഞ്ചിയെ പോററിയുടെ കയ്യിൽ ഏല്പിച്ചു.

അത്ഭുതചിത്തനും ആനന്ദമഗ്നനും ക്ഷിപ്രപ്രസാദിയും ആയ പോററി തൽക്ഷണം സഞ്ചിയെ കരസ്ഥമാക്കിയതിനുശേഷം, തന്റെ ഭവനത്തിൽ ഏതുവിധമെങ്കിലും വത്തിച്ചുകൊള്ളുന്നതിനു അവളെ സമ്മതിച്ചു. കുട്ടപ്പമേനോൻ പതിവായി ഉപയോഗിച്ചിരുന്ന ആസ്ഥാനമുറിയിൽ പ്രവേശിച്ചു് ഒരു ചെറിയ കസാലമേൽ ഇരുന്നുകൊണ്ടു് അവരാ ഇങ്ങിനെ ആലോചിപ്പാൻ തുടങ്ങി;

"മേനോൻ താമസിയാതെ ഇവിടെ വന്നുചേരും. ഞങ്ങരാ അഭിമുഖമായി കാണും. ഞാൻ കയ്യിലുള്ള ആയുധത്തെ ഉപയോഗിക്കും. ആ ഘാതകൻ ഉടനെ മരിക്കും. പേ

ലീസുകാർ വന്നു എന്നെ ബന്ധിക്കും. മേനോൻ ആത്മഹത്യചെയ്തതാണെന്നു ഞാൻ വാദിക്കും. പൊതുജനാഭിപ്രായവും അതിനെ അനുകരിക്കും. മഹാത്മാക്കൾക്കു മരണത്തെക്കാൾ നല്ലതു മാനസംരക്ഷണമാണല്ലോ. ഞാൻ സ്വാതന്ത്ര്യയാവുകയും ചെയ്യും.

"നളിനീദള ഗതജലമതിതരളം
തദ്വജ്ജീവിതമതിശയചപലം"

എന്നിങ്ങനെ ഉറച്ച്, നിശ്ചഞ്ചലയായും, ഏകാഗ്രചിത്തയായും അവിടെ കാത്തിരുന്നു. രാത്രിയായപ്പോൾ വേണ്ട ആഹാരമെല്ലാം പോററി കൊണ്ടുപോയി കൊടുത്തു. ഈ വിധത്തിൽ രാത്രി ൧൨ മണിവരെ കാത്തിരുന്നതിനുശേഷം അവൾ സ്വഗൃഹം പ്രാപിച്ചു ശയിച്ചു. പിറെറദിവസവും അവൾ രാവിലെ പോററിയുടെ മാളികയിൽ ചെന്നിരുന്നു. ഉദ്ദിഷ്ടപുരുഷനെ അവൾ നിമിഷംപ്രതി പ്രതീക്ഷിച്ചിരുന്നു. എന്തെങ്കിലും ഒരു ശബ്ദം കേട്ടെങ്കിൽ അവൾ എണീററു പരിഭ്രമത്തോടെ നോക്കി കാരണം മനസ്സിലാക്കിയതിന്റെ ശേഷം വീണ്ടും പൂർവ്വസ്ഥിതിയിൽ ഇരുന്നു. പിന്നീടു തന്റെ സ്നേഹത്തിനു പാത്രീഭവിച്ചവനായ ആ മൃതപുരുഷനെപററി ആലോചിച്ചും വളരെനേരം കഴിച്ചുകൂട്ടി. ഇങ്ങിനെ രണ്ടു ദിവസം കഴിഞ്ഞു. മൂന്നാമത്തെ ദിവസവും അവൾ മുടക്കിയില്ല. അന്നുരാത്രി പത്തുമണിയായപ്പോൾ തനിക്കു സുഖക്കേടായിരുന്നതിനാൽ നേരത്തെ ഉറങ്ങണമെന്നും, അവൾ പോകുന്നസമയം വിളക്കണെച്ചു വാതൽ ചാരിയേക്കണമെന്നും പറഞ്ഞു പോററി വിരമിച്ചു. അവൾ സ്വസ്ഥയായി പതിനൊന്നുമണി അടിക്കുന്നതുവരെ ഇരുന്നു. ക്ഷീണത്തെ അവൾ ജയിച്ചു. എങ്കിലും വിചാരങ്ങളുടെ വിവിധത്വത്താലും, അവ അവാസ്തവതത്വങ്ങളെ ആസ്പദമാക്കിയിരുന്നതിനാലും പെട്ടെന്നു കണ്ണടഞ്ഞു. തലചാരിഞ്ഞു.

ആനന്ദദായകസുഷുപ്തി സുധാരസത്തെ
പ്പാനിപ്പതിന്നു മതിനേർമുഖിയും മുതിന്നാൾ

എന്നുപറഞ്ഞാൽ കഴിഞ്ഞതല്ലോ. അല്പനേരം കഴിഞ്ഞപ്പോൾ അവൾ ഞെട്ടിയുണൎന്നു കണ്ണുതുറന്നു. മണി നോക്കിയപ്പോൾ ഒന്നടിച്ചു കഴിഞ്ഞിരിക്കുന്നു. അവൾ ഉറങ്ങി എന്നു തീൎച്ചയായി. എന്താണു ഉണൎത്തിയതു? സൂക്ഷിച്ചു നോക്കി. എന്തോ അനങ്ങുന്ന ശബ്ദംകേട്ടു. ആരോ മുററത്തുകൂടി ഗൃഹത്തിന്റെ അന്തൎഭാഗത്തിലേക്കു വരുന്നുണ്ടു്. സംശയമില്ല. പതുക്കെ എഴുന്നേററു ജന്നലിന്റെ സമീപത്തുചെന്നു് അതിനെ അല്പംതുറന്നു വെളിയിലേക്കു നോക്കി. ഹാ. ദുരദൃഷ്ടമേ! ആ അസത്തുപോററിപ്പററിച്ചു. ഞാൻ ഇവിടെ ഉണ്ടെന്നുള്ള വിവരം മേനവനെ ധരിപ്പിച്ചിരിക്കണം. അതുകൊണ്ടാണു രാത്രി ഞാൻ ഉറങ്ങുന്ന സമയംനോക്കി വന്നുകളഞ്ഞതു്. എന്നാലും എന്റെ കൃത്യംനടത്തുന്നതിനു യാതൊരു വിഘാതവും ഉണ്ടാകാൻ ഇടയില്ല. ഈകാൎയ്യത്തിൽ ഞാനല്ല മേനവൻ തന്നെയാണു വഞ്ചിക്കപ്പെട്ടതു്.

ഇത്രയും വിചാരിച്ചുറച്ചതോടുകൂടി അവളുടെ മനസ്സിനു ഒരു സ്ഥിരതയുണ്ടായി. ക്ഷീണം നിശ്ശേഷം നീങ്ങി. സമയം അടുക്കുന്തോറും അവളിൽനിന്നും ദുൎബ്ബലത്വം നീങ്ങിനീങ്ങിപ്പോയി. അയാൾ അടുത്തുവരട്ടെ. എന്റെ കാൎയ്യം ഞാൻ സാധിച്ചുകൊള്ളാം. അല്പംനീങ്ങി വാതൽകടന്നു വരുന്നയാൾ കാണാതിരിക്കത്തക്കവിധത്തിൽ നില്പായി. ആരോ കോവണി കയറിവരുന്ന ശബ്ദം സ്പഷ്ടമായി കേട്ടുതുടങ്ങി. ഇതാ കതകുതുറക്കുന്നു. ഭാനുമതി കൈക്കത്താക്കിൽ കൈവെച്ചു. വന്നയാൾ ജവനികയെ നീക്കി അകത്തേക്കു കാൽവെച്ചു. അവൾ മുന്നോട്ടെത്തിനോക്കി. വെളിച്ചം ധാരാളമായി പ്രകാശിച്ചുകൊണ്ടിരുന്നതിനാൽ വന്നയാളുടെ മുഖം നല്ലപോലെ കാണാമായിരുന്നു. അവൾ നല്ലപോലെ കണ്ണുതുറന്നു സൂക്ഷിച്ചുനോക്കി. പെട്ടെന്നു് അയ്യോ! എന്നു വിളിച്ചുകൊണ്ടു് മോഹാലസ്യപ്പെട്ടു തറയിൽ പതിച്ചു.

* * * *

അല്പം കഴിഞ്ഞു സുബോധമുണ്ടായപ്പോൾ കഴിഞ്ഞകഥയെല്ലാം അവളുടെ മനസ്സിൽ ഉദിച്ചു. ഇതെല്ലാം വാസ്ത

വമോ, മായമോ ഈശ്വരാ? മേനവൻ വരുന്നതു സൂക്ഷിച്ചുകൊണ്ടു മറഞ്ഞുനിന്നതും, അദ്ദേഹം മുറിയിൽ പ്രവേശിച്ചപ്പോൾ കൈത്തോക്കു കരസ്ഥമാക്കിയതും എല്ലാം ഓർമ്മയിൽ വന്നു. എന്നാൽ അവൾ കണ്ട മുഖം ആരുടേതാണ്? മൃതനായ അപ്പുനായരുടെ മുഖമല്ലേ? അതുതന്നെ. യാതൊരു സംശയവുമില്ല. അപ്പുനായരുടെ പ്രേതമാണുവന്നതു. കഷ്ടം അദ്ദേഹത്തെപ്പററി ഇടവിടാതെ വിചാരിച്ചുകൊണ്ടിരുന്നതിൻെറ ഫലമാണിതു. എന്നും വിസ്മരിക്കാൻ സാധിക്കാത്തവിധത്തിൽ തൻെറ ഹൃദയത്തിൽ പതിഞ്ഞുകിടന്ന ആ പ്രിയതമൻെറ മന്ദഹാസ ശോഭിതമായ മുഖം തന്നെയാണു അവൾ കണ്ടതു്. തെററിദ്ധാരണയ്ക്കു യാതൊരവകാശവും ഉണ്ടായിരുന്നില്ല. അവൾ വല്ലാതെ ഭയന്നു, ചുററും നോക്കുന്നതിനുപോലും അശക്തയായി ഭവിച്ചു. താൻ കണ്ടതു സ്വപ്നമല്ല, യഥാൎത്ഥമായിട്ടുള്ളതു തന്നെയാണെന്നു അടുത്തമുറിയിൽനിന്നും കേൾക്കാമായിരുന്ന ശബ്ദംകൊണ്ടു അവൾക്കു മനസ്സിലായി. അവൾ മന്ദമായി എണീററു അടുത്ത മുറിയുടെ വാതുക്കലേക്കു നോക്കിയപ്പോൾ കണ്ട കാഴ്ച യെന്താണു? ആശ്ചൎയ്യം! അപ്പുനായർ അവൾനിന്ന മുറിയിലേക്കു കടന്നുവരികയായിരുന്നു.

ഭാനു—അയ്യോ! അങ്ങു തന്നെയോ ജീവനോടെ എൻെറ മുന്പിൽ നില്ക്കുന്നതു?

അപ്പുനായർ കുറെനേരത്തേക്കു സംസാരിച്ചില്ല. ആ സമയം കൊണ്ടു അദ്ദേഹത്തിൻെറ രൂപത്തെ ഭാനുമതിക്കു നല്ലപോലെ വീക്ഷിക്കുന്നതിനു കഴിഞ്ഞു. ദീൎഘകായൻ- പീവരോരസ്കൻ- ആൾഗംഭീരൻ- ശ്മശ്രു തീരെ ഇല്ല. ദേഹം വെയിൽ കൊണ്ടു അല്പം നിറം മാറിയിരുന്നതുപോലെ തോന്നി.

അ-നാ—നിങ്ങളുടെ പേർ ഭാനുമതി എന്നല്ലേ?

ഭാനു--അതേ.

നായർ—വിവാഹംകഴിഞ്ഞോ?

ഭാനു—(വളരെ പരിഭ്രമത്തോടുകൂടി) കഴിഞ്ഞു.

നായർ—ഈ അസമയത്തു ഇവിടെ ഇരിക്കുന്നതെന്തിനു?

ഭാനുമതി പെട്ടെന്നു അദ്ദേഹത്തിൻെറ ഹസ്തത്തെ സ്പർശിച്ചു. ഇതു അപ്പുനായർ തന്നെയോ, അദ്ദേഹത്തിൻെറ പ്രേതം മാത്രമോ എന്നു പരീക്ഷിപ്പാനായിരുന്നു. സ്പർശിച്ചപ്പോൾ നല്ല ചൂട്. ഇതിൽ യാതൊരു കളങ്കവുമില്ലാ എന്നവൾ മനസ്സിലാക്കി. കഴിഞ്ഞ കഥയെല്ലാം ചുരുക്കി പറഞ്ഞു. താൻ ഇപ്പോഴും ഹൃദയംഗമമായി വരിച്ചിരിക്കുന്നതു നായരെ തന്നെയാണെന്നും അവൾ പ്രസ്ഥാവിച്ചു.

നായർ—എന്നെ കുട്ടപ്പമേനവൻ കൊന്നില്ല. അദ്ദേഹം ഒരു വെടിവച്ചതു എന്നെ ഉദ്ദേശിച്ചായിരുന്നു എങ്കിലും ഫലപ്രാപ്തമായില്ല. ഞാൻ ജീവനോടിരിക്കുന്നു എന്നു കണ്ടാൽ അറിയരുതോ? മേനവനേ കാണുന്നതിനാണു ഞാൻ ഇവിടെ വന്നതു്. ഇനി അദ്ദേഹം വരുന്നതു വരേ സീതമംഗലത്തു താമസിക്കേണ്ടിയിരിക്കുന്നു.

ഉടനെ താഴെ കിടന്നിരുന്ന തോക്കെടുത്തു കൊണ്ടു "ഇതിനി നമുക്കാവശ്യമില്ല. അയാൾക്കു മരണ ശിക്ഷ വേറെ വിധത്തിൽ ലഭിക്കുന്നതാണ്. നമുക്കിനി ഇവിടെ അധിക നേരം നിന്നിട്ടു കാര്യമുണ്ടെന്നു തോന്നുന്നില്ല. പോററി ഉറങ്ങുകയായിരിക്കണം," എന്നു പറഞ്ഞു ഒരു തോൽ സഞ്ചിയുടെ കത്തു നിന്നും എടുത്തു് "ഇതു ഞാൻ മോഷ്ടിച്ചു കൊണ്ടു പോവുകയല്ല. ഇതെൻെറ വകയാണ്. മേനവൻ വച്ചിരുന്നതാണ്. ഇനി നമുക്കു പോകാം" രണ്ടുപേരും കൂടി പതുക്കെ കതകുതുറന്നു് റോട്ടിലേക്കിറങ്ങി നടന്നു.

---

## അദ്ധ്യായം ൮.

---

പിറെറ ദിവസം ചക്രവർത്തി സീതമംഗലത്തു തിരിച്ചെത്തി. ആദ്യമായി അയാൾ പോയതു കുട്ടപ്പമേനോൻ താമസിച്ചിരുന്ന പോററിയുടെ ഗൃഹത്തിലേക്കാണു. അവിടെ ചെന്നപ്പോൾ പോററി മുഖാന്തരം അറിഞ്ഞ വർത്തമാനം അത്ഭുതകരമായിരുന്നു. എന്നു പ

ത്യേകം പറയേണ്ടതില്ലല്ലൊ. തനിക്കു തരാനുണ്ടായിരുന്ന പണമെല്ലാം തന്നു തീൎത്തു എന്നും മേനോൻ ഇനി വരുന്ന കാൎയ്യം സംശയ സ്ഥിതിയിലാണെന്നും ആണു പോററി പറഞ്ഞതു്. ചക്രവൎത്തിക്കു കോപവും വ്യസനവും സഹിക്കവയ്യാതായി.

ചക്ര—അദ്ദേഹത്തിൻെറ മേൽവിലാസം പറഞ്ഞു തരാമൊ?

പോററി—അതെനിക്കദ്ദേഹം പറഞ്ഞു തന്നിട്ടില്ല.

ചക്രവൎത്തി അവിടെ നിന്നുംതിരിച്ചു സ്വഗൃഹത്തിലെത്തി. വഴിക്കു അയാൾ ഇങ്ങിനെ വിചാരിച്ചു. "മേനവൻ എന്നെ വിട്ടുംവച്ചു് ഒളിച്ചു പൊയ്ക്കളയാമെന്നു വിചാരിക്കുന്നു എങ്കിൽ ഇതിൽപരം മൌഢ്യം യാതൊന്നും തന്നെ ഇല്ല. അയാളെ അറിയാത്തവർ മൂന്നു സംസ്ഥാനങ്ങളിലും ഇല്ല. പക്ഷെ അയാൾ ഇങ്ങിനെ താമസിക്കുന്നതു് എൻെറ കമ്പനിസ്ഥാപനത്തിനു വിഘാതമായി ഭവിക്കും എന്നുള്ളതിനു സംശയമില്ല"

വീട്ടിൽ ഭാനുമതിയുണ്ടായിരുന്നു. മകളെ കണ്ടയുടനെ സന്തോഷ പരവശ്യത്തോടുകൂടി അടുത്തു ചെന്നു കുശല പ്രശ്നങ്ങൾ ചെയ്തു. ഈ സമയത്തു അഞ്ചൽ ശിപായി ഒരെഴുത്തും കൊണ്ടു വന്നു. ചക്രവൎത്തി പരിഭ്രമത്തോടു കൂടി വാങ്ങിച്ചു നോക്കിയപ്പോൾ "ആലുവാ" എന്ന മുദ്രയാണു് കണ്ടതു. അതു പൊട്ടിച്ചു ഇങ്ങനെ വായിച്ചു.

"ഈ എഴുത്തു കിട്ടുമ്പോൾ തന്നെ ഞാൻ നിങ്ങളുടെ കൌശലവലയിൽ നിന്നും രക്ഷപ്പെട്ടു എന്നു വിചാരിച്ചു കൊള്ളണം. നിങ്ങൾ എന്നോടു പറഞ്ഞതെല്ലാം വെറും വ്യാജങ്ങളും എന്നെ അപായപ്പെടുത്തുന്നതിനെടുത്ത സൂത്രങ്ങളും ആയിരുന്നു എന്നു എനിക്കു പൂൎണ്ണ ബോദ്ധ്യ മായിരിക്കുന്നു. തൽക്ഷണം ഇതു ഊഹിക്കുന്നതിനു ശക്തിയില്ലാതെ പോയതിൽ ഞാൻ പശ്ചാത്തപിക്കുന്നു. അപ്പുനായർ മരിച്ചിട്ടില്ല.

ചക്ര—(മുഖമെടുത്തികൊണ്ടു) എന്തു? അപ്പുനായർ മരിച്ചിട്ടില്ലെന്നൊ?

ഭാനു—അദ്ദേഹം മരിച്ചിട്ടില്ല; ഞാൻ കാണുകയുണ്ടായി.

ചക്ര—ദുരദൃഷ്ടമേ! എന്റെ ഉദ്യമങ്ങളെല്ലാം നിഷ്ഫലങ്ങളായി പോയല്ലൊ കഷ്ടം.

ഭാനു—അതെന്താണു?

ചക്ര—അതങ്ങിനെയാണു. ഇനി പറഞ്ഞിട്ടു ഫലമെന്തു? അദ്ദേഹം ഇവിടെ എന്തിനായിട്ടാണു വന്നതു? അക്കാൎയ്യം പറയുകയുണ്ടായൊ?

ഭാനു—എന്നോടൊന്നും പറഞ്ഞില്ല. ഒരു പക്ഷെ കണ്ണൻ നായരോടു മരണശാസനപ്രകാരം തനിക്കു വരേണ്ടതായ സ്വത്തു വാങ്ങുന്നതിനായിരിക്കാം ഇവിടെ അദ്ദേഹം വന്നതു.

ചക്ര—ഉം! നിനക്കും ഇക്കാൎയ്യമൊക്കെ അറിയാമല്ലൊ? അയാൾ പിന്നെയും വായിച്ചു.

"മുൻകത്തിൽ പ്രസ്താവിച്ചിരുന്ന വിധത്തിൽ നിങ്ങൾക്കിതാ ആയിരം രൂപായുടെ ഒരു ചെക്കയക്കുന്നു. ഇതു കിട്ടിയാൽ ഉടനെ നിങ്ങൾ സ്ഥലം വിട്ടുപൊയ്ക്കൊള്ളണം. കമ്പനിക്കാൎയ്യങ്ങളെപറ്റി ആലോചിക്കയൊ എന്തെങ്കിലും പ്രവൎത്തിക്കയൊ ചെയ്യുന്ന പക്ഷം, അതു നിങ്ങൾക്കാപൽക്കരമായി പരിണമിക്കുന്നതാണു്. നിങ്ങളുടെ പേരിൽ ഞാൻ തയാറാക്കീട്ടുള്ളതും നിങ്ങൾ ഒരു വ്യാജക്കമ്പിനിയെ സൃഷ്ടിക്കുന്നതിനുദ്യമിക്കുന്നു എന്ന വിവരത്തെ തെളിയിക്കുന്നതും ആയ പ്രമാണങ്ങൾ ഞാൻ പോലീസിലേല്പിച്ചു നിങ്ങളെ അറസ്റ്റു ചെയ്യിക്കേണ്ട എന്നു വിചാരിക്കുന്നു എങ്കിൽ ഒരു നിമിഷംപോലും കളയാതെ നീതമംഗലത്തുനിന്നും ഭാണ്ഡംമുറുക്കിക്കൊള്ളണം. ഞാൻ എവിടെയാണെന്നും മറ്റും തിരക്കീട്ടു ഒരു പ്രയോജനവുമില്ല. എന്നെ ആലുവായിലൊ അവിലുവായിലൊ കാണുന്നതല്ല.

എന്നു കുട്ടപ്പമേനോൻ.

'പോലീസു്' എന്നും, 'വ്യാജക്കമ്പിനി' എന്നും ഉള്ള എഴുത്തിലെ പദങ്ങൾ ചക്രവൎത്തിയെ വല്ലാതെ പീഡിപ്പിച്ചു "കഷ്ടം! ഞാൻ നശിച്ചു. അപ്പുനായർ ജീവിച്ചിരിപ്പുണ്ടെന്നു

ള്ളതിന്ന സംശയമില്ല. ഭാനുമതിക്കു ഇക്കാൎയ്യത്തിൽ ക ള്ളം പറഞ്ഞു എന്നെ വഞ്ചിച്ചിട്ടു കാൎയ്യമില്ലല്ലോ! എന്നാൽ മേനോൻ ഈവിധത്തിൽ മറഞ്ഞിരിക്കുന്നതിൻെറ കാരണ മെന്തു? നായർ ചത്തിട്ടില്ലെങ്കിൽ മേനവനു യാതൊരു തരക്കേ ടും സംഭവിക്കാനില്ല. ഇതെന്തു സൂത്രമാണു്?" എന്നിങ്ങനെ ആലോചിച്ചു എഴുത്തു ഭാനുമതിയുടെ കയ്യിൽ കൊടുത്തു. ഭാ നുമതി എഴുത്തു വായിച്ചതിൻെറ ശേഷം, "അപ്പുനായരെ കാണാനുള്ള ഭയം കൊണ്ടായിരിക്കണം മേനോൻ ഒളിച്ചതു്."

ചക്ര—മേനവൻെറ പദവിയിൽ ഇക്കാൎയ്യത്തെ പററി ഭയ നിട്ടു കാൎയ്യമെന്തു?

ഭാനു—ആ പദവി ഒന്നുതന്നെ ആയിരിക്കണം ഈവിധംപ്ര വൎത്തിക്കുന്നതിന്ന അദ്ദേഹത്തെ പ്രേരിപ്പിച്ചതു്. എന്നു പറഞ്ഞുകൊണ്ടു അവരം പുറത്തേക്കുകടന്നു.

ചക്ര—നീഎങ്ങോട്ടാണു് പോകുന്നതു്?

ഭാനു—എങ്ങുമില്ല.

ചക്ര—(കോപഭാവത്തിൽ) അതുകൊണ്ടായില്ല. എങ്ങോട്ടു പോകുന്നു എന്നു പറയുക.

ഭാനു—കണ്ടൻ നായരെഒന്നു കാണണം.

ചക്ര—ഉം!! ശരി, ഇപ്പോരം നിൻെറ കാപട്യം എല്ലാം എ നിക്കു മനസ്സിലായി. കണ്ടൻ നായരൊ? പത്രത്തിൽ പ രസ്യം ചെയ്തിരുന്ന പുള്ളിയല്ലെ അയാരം? നിങ്ങരം രണ്ടു പേരുംക്രുടി എന്നെ കുഴിയിലാക്കുന്നതിന്ന ശ്രമിക്കയാണ ല്ലെ? കള്ളി! (മുഷ്ടിചുരുട്ടി അടുത്തുചെന്നിട്ടു്) വാസ്തവ സംഗതിയെ പറയണം. നീഎന്തെല്ലാം പ്രവൎത്തിച്ചു?

ഭാനു—പരസ്യം പത്രത്തിൽ കണ്ടദിവസം ഞാൻ അദ്ദേഹ ത്തിൻെറ അടുക്കൽ ചെന്നു അപ്പുനായർ മരിച്ചു എന്നു പറയുകയുണ്ടായി.

ചക്രവൎത്തി ഇതിനുമുമ്പുതന്നെ കുട്ടപ്പമേനോൻെറ എഴു ത്തു വായിച്ചതു ഭാനുമതിയുടെ ഭാഗ്യകാലം തന്നെ അല്ലെങ്കിൽ

തൽക്ഷണം അവളുടെ കഥ കഴിയുമായിരുന്നു. സംഹാരരുദ്രനെ പോലെ പിന്നെയും ചക്രവർത്തി ഭാനുമതിയുടെ നേർക്കണഞ്ഞു.

ആ നിർദ്ദയൻ അവളെ ശകാരം കൊണ്ടു വർഷിച്ചു തന്റെ ഉന്മൂലനാശം വരുത്തുന്നതിനുണ്ടായ ഒരു ക്രൂരസത്വം തന്നെയാണു അവൾ എന്നും അയാൾ വാദിച്ചു. പറയുന്തോറും കോപം വർദ്ധിച്ചു. തന്റെ അഹങ്കാരമായ നഷ്ടത്തെ ഓർക്കുംതോറും കോപം സഹിക്ക വയ്യാതെ ആയി. മൌനത്തെ അവലംബിച്ചു നിർദ്ദോഷ ഭാവത്തിൽ നിന്നിരുന്ന ആ കോമളാംഗിയുടെ മനോഹരമായ ഗണ്ഡപ്രദേശത്തിൽ ഒന്നു പ്രഹരിച്ചതോടു കൂടി ആ സാധുസത്വം നിലത്തു പതിച്ചു. രണ്ടാമത്തു കയ്യോങ്ങിയതും വാതൽ തുറന്നു അകത്തു പ്രവേശിച്ചു് ഒരാൾ അയാളെ തടഞ്ഞതും ഒരേസമയത്തായിരുന്നു.

വന്നയാൾ—എടാ തെമ്മാടി! ദ്രോഹി! ഇനിയും നീ ആ സ്ത്രീയെ പ്രഹരിക്കാനൊരുമ്പെടുന്നു എങ്കിൽ നിന്റെ കണ്ഠഛേദം ചെയ്തു കളയും.

ഈ സമയം കൊണ്ടു ഭാനുമതി എഴുന്നേറ്റു തന്നെ രക്ഷിക്കാൻ ആഗതനായ ആ ശൂരപുരുഷനെ അഭയം പ്രാപിച്ചു നിന്നു.

വന്നയാൾ—(ചക്രവർത്തിയോടു) എടാ ദ്രോഹി! ഞാൻ അപ്പുനായരാണെന്നു നിനക്കറിവില്ലായിരിക്കാം. ഇനിയെങ്കിലും വസ്തുത ധരിക്ക്.

ഭീരുവായ ചക്രവർത്തി പരിഭ്രമം കൊണ്ടു വിറച്ചു പിറകോട്ടു മാറി. തന്നെ നിഷ്ഠൂരം അമർച്ച ചെയ്യുന്നതിനൊരുമ്പെട്ടിരിക്കുന്ന ഒരു ഗംഭീരപുരുഷന്റെ മുമ്പിലാണു താൻ നിൽക്കുന്നതെന്നു അവനു ബോധ്യമായി. എങ്കിലും ഒരു വിധം ധൈർയ്യം അവലംബിച്ചു കൊണ്ടു,

ചക്ര—നിങ്ങൾ ഏതുപ്രകാരം ഇവിടെക്കടന്നുവന്നു ഞങ്ങളുടെ കാർയ്യത്തിൽ ഇടപെടുന്നതിനുള്ള കർത്തൃത്വം എന്താണെന്നറിഞ്ഞാൽ കൊള്ളാം.

ഭാനു—ആ കർത്തൃത്വം ഞാനനുഗ്രഹത്തിന്നു നല്കിട്ടുണ്ട്.

ചക്രവൎത്തി കോപത്തോടുകൂടി നോക്കി.

അപ്പുനാ—ഞാൻ പറയുന്നതു കേട്ടു കൊൾക. കഠിനഹൃദയനായ നിന്റെ കൂടെ താമസിക്കേണ്ടവളല്ല ഈ പെൺകുട്ടി. ആകയാൽ അവൾ പ്രത്യേകം താമസിച്ചു കൊള്ളട്ടെ. അതിലേക്കു വേണ്ട കാൎയ്യങ്ങളെല്ലാം ഞാൻ അന്വേഷിച്ചു കൊടുത്തുകൊള്ളാം. എന്താ സമ്മതമാകയോ?

ഭാനു—അയ്യോ! അതുവയ്യ; എന്റെ അച്ഛനെ ഞാൻ പിരിഞ്ഞു താമസിക്കുന്നതല്ല. ഭാനുമതിയുടെ ഈ വാക്കുകളെ കേട്ടപ്പോൾ അപ്പുനായൎക്കു ആശ്ചൎയ്യമുണ്ടായി "ഈ കൎക്കശപിതാന്റെ കൂടെ താമസിക്കുന്നതിന്നു ഇവൾക്കു മനസ്സ് വന്നല്ലൊ. ഇപ്പോൾ തന്റെ കണ്ണിന്നു നേരെ കണ്ട സംഭവത്തിന്റെ ശേഷവും ഇവന്റെ സാഹചൎയ്യത്തിന്നു ഇവൾ ആഗ്രഹിക്കുന്നല്ലൊ. മനുഷ്യസ്വഭാവം ഏതെല്ലാം അവസ്ഥാഭേദങ്ങളെ അവലംബിച്ചിരിക്കുന്നു" എന്നിങ്ങനെ അദ്ദേഹം വിചാരിച്ചു.

ചക്രവൎത്തി എന്നിട്ടും മൌനത്തെ അവലംബിച്ചു നിന്നതെയുള്ളു. ഭാനുമതിയുടെ വാക്കുകളിൽ തന്റെ മനസ്സ് അല്പം അലിഞ്ഞതു പോലെ തോന്നി. ഈ ജന്മത്തിൽ ഇതു ആദ്യത്തെ സംഭവമായിരുന്നു. ഇനിമേൽ തന്റെ സ്വഭാവത്തിന്നു ഗണനീയമായ ഭേദം ഉണ്ടാകുമെന്നു തന്നെ താനെ തോന്നി.

## അദ്ധ്യായം ൯.

കോമപ്പണിക്കർ തന്റെ വസതിയിൽ ഇരുന്നു അഞ്ചൽ ശിപായികൊണ്ടുവന്ന അനേകം എഴുത്തുകളെ വായിക്കുകയായിരുന്നു. അക്കൂട്ടത്തിൽ കുട്ടപ്പമേനോൻ അയച്ച ഒരു കമ്പിയും ഉണ്ടായിരുന്നു. അതു "അപ്പുനായർ ജീവിച്ചിരിപ്പുണ്ട്" എന്നു മാത്രമായിരുന്നു. ഈ കമ്പിവാൎത്ത പണിക്കരുടെ പല ചിന്തകൾക്കും വിഷയമായി

തിന്ന. ഭാനുമതിയെ താൻ വിശ്വസിച്ച് മേനോനിൽ കള്ള ക്കു മാരോപിക്കുന്നതിന്ന തുനിഞ്ഞതല്ലാ എന്ന അദ്ദേഹം പശ്ചാത്തപിച്ചു. അവൾ കേവലം ഒരു വഞ്ചകി മാത്രമായിരുന്നു. എന്നാൽ അവളും മേനോവനുമായി എന്തോ ചില ഇടപാടുകൾ ഉള്ളതായി പണിക്കൎക്ക ബലമായി തോന്നി. ഇക്കാൎയ്യത്തെപ്പററി മേനോൻ പറയാതിരുന്നതു എന്തുകൊണ്ടാണെന്നൂഹിക്കുന്നതിന്ന അദ്ദേഹം ശക്തനായില്ല. അപ്പുനായരെ അന്വേഷിച്ചു തുമ്പുണ്ടാക്കുന്നതിനായിട്ടാണ് പണിക്കർ സീതമംഗലത്തു വന്നതെന്നു മേനവൻ നല്ലപോലെ അറിഞ്ഞിരുന്നിട്ടും ചിര പരിചിതനായ നായരെപ്പററി ഒരക്ഷരംപോലും അദ്ദേഹം സംസാരിക്കാതിരുന്നതിന്റെ കാരണമെന്താണ്? ഈവിധത്തിൽ ചിന്താനിമഗ്നനായിരുന്ന പണിക്കരെ ഭൃത്യൻ വന്നു ആരോ കാണാൻ വന്നിരിക്കുന്നു എന്നറിവിച്ചു. ഉടനെ തന്നെ ഭാനുമതിയും അപ്പുനായരും കൂടി പണിക്കരുടെ മുമ്പിൽ പ്രത്യക്ഷീഭവിച്ചു. പണിക്കർ വിസ്മയഭരിതനായി, നായരുടെ മുഖത്തുതന്നെ നോക്കിക്കൊണ്ടിരുന്നു. ഇവർ കേവലം ഭാൎയ്യാ ഭൎത്താക്കന്മാരല്ലെന്നു അദ്ദേഹത്തിന്ന തീർച്ചയായി. സാമുദായികമായ പലപ്രതിബന്ധങ്ങളും ഈ സ്ത്രീപുരുഷന്മാർ തമ്മിൽ ഉണ്ടായിരിപ്പാൻ ഇടയുണ്ടെന്ന പ്രത്യക്ഷത്തിൽ അറിഞ്ഞതു കൊണ്ടാണ് ഇങ്ങനെ തീർച്ചപ്പെടുത്തിയതു. എല്ലാവരും ആസനസ്ഥരായതിന്റെ ശേഷം,

ഭാനു—ഇദ്ദേഹമാണ അപ്പുനായർ.

പണി—അങ്ങേകണ്ടതിൽ ഞാൻ കൃതാർത്ഥനായി.

എന്നു എഴുനേററുചെന്നു ഹസ്തദാനം ചെയ്തു.

ഭാനു—കഴിഞ്ഞ ഒരു ദിവസം ഞാൻ അറിയാതെ ചിലതെല്ലാം പറഞ്ഞുപോയതിന്ന മാപ്പപേക്ഷിപ്പാനാണ് വന്നതു. അപ്പുനായർ ജീവിച്ചിരിപ്പുണ്ട് എന്നു ഞാൻ സ്വപ്നേപി വിചാരിച്ചില്ല.

പണിക്കർ മേശതുറന്നു ഒരു കടലാസുകെട്ടെടുത്തു. ആ കൂട്ടത്തിലുണ്ടായിരുന്ന ഒരു ചെറിയ ഫോട്ടോ എടുത്തു നായന്മാരുടെ രൂപത്തെ അതിനോടു താരതമ്യപ്പെടുത്തി നോക്കി.

പണി—ഛായക്കൊരു വ്യത്യാസവും കാണുന്നില്ല. (വേറെ ഒരു കടലാസെടുത്തിട്ടു) ദയവായി പേരെഴുതി ഒപ്പിടണം. നായർ അപ്രകാരം ചെയ്തു. പണിക്കർ അതെടുത്തു വേറെ ഒരു കടലാസിലുണ്ടായിരുന്ന കയ്യക്ഷരത്തിനോടു താരതമ്യപ്പെടുത്തി നോക്കി. "ശരി, ഒത്തു. നിങ്ങളുടെ ജനനസ്ഥലമേതു്?"

അ-നാ—തലശ്ശേരിക്കടുത്തു കണ്ണമംഗലം.

പണി—അമ്മയുടെ പേരു?

അ-നാ—പാർവതി.

ഇങ്ങിനെ അനേകം ചോദ്യങ്ങൾ ചോദിച്ചതിനെല്ലാം യാതൊരു സംശയവും കൂടാതെ നായർ ഉത്തരം പറഞ്ഞു. ഒടുവിൽ

പണി—എനിക്കു ബോധ്യമായി. നിങ്ങളുടെ കഴിഞ്ഞ ആറേഴു വർഷങ്ങളായിട്ടുള്ള ഒരു സംക്ഷിപ്ത ചരിത്രം അറിഞ്ഞാൽ കൊള്ളാമെന്നാഗ്രഹമുണ്ടു്.

അ-നാ—ഓ—ഹോ— വിസ്തരിച്ചു പറയാം. അതിനുമുമ്പായി എന്റെ പേരിലുള്ള സ്വന്തത്തിൽനിന്നും പന്തീരായിരം ഉറുപ്പികയ്ക്കുള്ള "ചെക്കു" ഇവർക്കു കൊടുക്കണം. അവരതുംകൊണ്ടു വേഗം ഇസ്ഥലത്തുനിന്നും പൊയ്ക്കൊള്ളട്ടെ.

ഭാനു—ഇത്രക്കുമാത്രം ഞാൻ അങ്ങേക്കു എന്തുപകാരമാണു ചെയ്തിട്ടുള്ളതു്?

അ-നാ—വളരെ വളരെ എനിക്കുവേണ്ടി ചെയ്തിട്ടുണ്ടെന്നാണു ഞാൻ വിചാരിക്കുന്നതു്.

പണി—(ഭാനുമതിയോടു) നിങ്ങൾ താമസിക്കുന്നെടത്തു കൊണ്ടുവന്നു തന്നേക്കാം.

അ-നാ—എന്നാലിനി യാത്രയാകാം. എനിക്കിദ്ദേഹവുമായിട്ടു ചില ഇടപാടുകളെല്ലാം ഉള്ളതിപ്പോൾ തീർക്കേണ്ടിയിരിക്കുന്നു. എന്നു സ്നേഹഭാവത്തിൽ ഭാനുമതിയുടെ തോളിൽതടകി.

ഭാനുമതി നിശ്ചേഷ്ടയായി പുറത്തിറങ്ങി. അല്പനേരത്തേയ്ക്കു നായരും പണിക്കരും ഒന്നും തന്നെ സംസാരിക്കാതെ മുഖത്തോടു മുഖം നോക്കിക്കൊണ്ടിരുന്നു. ഒടുവിൽ,

അ-നാ—ഭാരതിയും ഇപ്പോൾ ഇവിടെ എത്തുന്നതാണ്. പ്രയതമനായ കുട്ടപ്പമേനവനെ പറ്റി എനിക്കറിയാവുന്ന രഹസ്യങ്ങളെ ഞാൻ പറയാമെന്നും അതിനാൽ ഉടനെ ഇവിടെ വരണമെന്നും ഞാൻ എഴുതിയയച്ചിട്ടുണ്ട്.

പണി—ഭാരതിയോടെന്തുപറവാനാണുനിശ്ചയിച്ചിരിക്കുന്നതു

അ-നാ—അവൾ സ്നേഹിക്കുന്ന പുരുഷനെ പറ്റി സവിസ്തരം അറിയേണ്ടതു ആവശ്യമല്ലെ?

പണി—അപ്പോൾ അദ്ദേഹത്തെ പറ്റി വേണ്ട വിവരമെല്ലാം നിങ്ങൾക്കറിയാമല്ലോ.

അ-നാ—അറിയാം.

പണി—എങ്ങനെ?

അ-നാ—അദ്ദേഹം എന്നോടു പറഞ്ഞു

പണി—നിങ്ങൾ അദ്ദേഹത്തെ അറിയുമൊ? കണ്ടിട്ടുണ്ടോ

അ-നാ—നല്ല പരിചയമാണ്.

പണി—എന്നാൽ ഭാനുമതി എന്നോടു ഒരു കാൎയ്യത്തെ പറ്റി പറഞ്ഞിട്ടുള്ളതും നിങ്ങൾ അറിയാതെയിരിക്കയില്ലല്ലൊ.

അ-നാ—അതെനിക്കു പൂൎണ്ണമായറിയാം.

പണി—ഇതിനെ പറ്റി ഭാരതിയോടു സംസാരിക്കാൻ നിശ്ചയിച്ചിട്ടുണ്ടോ?

അ-നാ—ഉണ്ട്.

പണി—അയ്യോ! അതു വേണമെന്നു തോന്നുന്നില്ല. കഷ്ടമെ! ആ തരുണീരത്നത്തെ നിങ്ങൾ വല്ലാതെ വ്യസനിപ്പിക്കുമല്ലൊ.

അ-നാ—ഒരിക്കലുമില്ല അടിസ്ഥാനരഹിതങ്ങളായ ചിലദോഷാരോപണങ്ങളുടെ വാസ്തവത്തെ തെളിയിക്ക മാത്രമെ

ഞാൻ ചെയ്യുകയൊള്ളു. ഇക്കാൎയ്യത്തിൽ നിങ്ങൾ എന്നെ പൂൎണ്ണമായി വിശ്വസിച്ചു കൊൾകേ വേണ്ടു.

ഉടനെ ഭാരതി പ്രവേശിച്ചു. ദുസ്സഹമായ ദുഃഖ ഭാരത്താൽ അവളുടെ ശരീരം വളരെ ക്ഷീണിച്ചിരുന്നു. അവളുടെ ജന്മോദ്ദേശ്യത്തെ സഫലമൊ വിഫലമൊ ആക്കാനുള്ള അവസരം ആസന്നമായി എന്നു അവളുടെ മുഖഭാവം പ്രത്യക്ഷപ്പെടുത്തിയിരുന്നു. എങ്കിലും സഹജമായ ധൈൎയ്യം അവളിൽ ധാരാളം സ്ഫുരിച്ചിരുന്നു എന്നു അവളെ കണ്ട മാത്രയിൽ നായൎക്കു മനസ്സിലായി. പണിക്കരുമായി കുശലപ്രശ്നാദികൾ കഴിച്ചതിന്റെ ശേഷം, അവൾ നായരുടെ മുഖത്തെക്കു നോക്കി. അപ്പോൾ

പണി--ഇദ്ദേഹമാണു അപ്പുനായർ.

ആ-നാ--(ഭാരതിയോടു) കുട്ടപ്പമേനവനെ പററി എനിക്കു നേരാ പറവാനുണ്ടു്. അതു പണിക്കരും കൂടിയുള്ളപ്പോളാണു നല്ലതെന്നു വിചാരിച്ചിട്ടാണു് നിങ്ങൾ ഇവിടെ വരണം എന്നു ഞാൻ എഴുതി അയച്ചതു്. എന്തെന്നാൽ മേനവന്റെ കഴിഞ്ഞ കഥയെല്ലാം നിങ്ങൾ രണ്ടുപേരും ഏകകാലത്തു തന്നെ കേൾക്കുന്നതു വളരെ നന്നായിരിക്കും.

അപ്പുനായർ സംസാരിക്കാൻ ആരംഭിച്ചതോടുകൂടി ആശ്ചൎയ്യം, സംശയം, പ്രമദസംഭ്രമം എന്നിങ്ങനെയുള്ള പല ചേതോവികാരങ്ങളും ഭാരതിയെ ആക്രമിച്ചു അസ്വസ്ഥചിത്തയാക്കി. ഭാരതിയുടെ കൈയ്യും പിടിച്ചു കൊണ്ടു,

ആ-നാ— ഇരിക്കണം. എന്റെ ശബ്ദം നീരസ ജനക മായെക്കാം. അതു എനിക്കു സുഖമില്ലാത്തതു കൊണ്ടാണു്. ഞാൻ പ്രകൃതവിഷയത്തിൽ പ്രവേശിച്ചാൽ പിന്നെ ആരും തടസ്ഥപ്പെടുത്തരുതു്. എനിക്കും മേനവനും തമ്മിലുണ്ടായിരുന്ന സ്നേഹബന്ധത്തേയും പിന്നീടുണ്ടായ വേർവാടിനേയും എല്ലാം വിശദമായി നിങ്ങളെ ഞാൻ ഗ്രഹിപ്പിക്കുന്നതാണു്.

ഭാരതി ഒരു കസാല മേൽ ഇരുന്നു. പണിക്കരും തന്റെ കസാല വലിച്ചരികത്താട്ട് അതിൽ ആസനസ്ഥനായി. മുറിക്കകം നിശ്ശബ്ദം തന്നെ ആയിരുന്നു. മേനവൻ ഇങ്ങിനെ ഉപക്രമിച്ചു.

## അദ്ധ്യായം ൰.

എനിക്കു പന്ത്രണ്ടുവയസ്സു പ്രായമായപ്പോൾ എന്റെ പ്രിയപ്പെട്ട അമ്മ മരിച്ചു. അതു പക്ഷപാതം എന്ന കഠിനദീനത്താലായിരുന്നു. അധിക കാലതാമസം കൂടാതെ എന്റെ അച്ഛനും മൂത്ത സഹോദരനും ചരമഗതിയെ പ്രാപിച്ചു. കാൎയ്യകാരണബോധം അന്നെനിക്കു ശരിയായി ഉണ്ടായിരുന്നില്ലെങ്കിലും ഇഹലോകത്തിൽ എനിക്കു ഏററവും ഉപകരിക്കുന്ന ഇവരുടെ അകാല നിൎയ്യാണത്തിൽ ഉണ്ടായ മനസ്താപം കേവലം ദുസ്സഹമായിരുന്നു. ശേഷിച്ചതു കഠിനചിത്തനായ ഒരു അമ്മാവൻ മാത്രമായിരുന്നു. അദ്ദേഹത്തിന്റെ ജന്മോദ്ദേശ്യമായി കരുതിയിരുന്നതു് ധനാൎജ്ജനം ഒന്നുമാത്രമായിരുന്നു. ഞങ്ങളുടെ തറവാട്ട് ബ്രിട്ടീഷ് മലബാറിൽവെച്ച് സ്വത്തുകൊണ്ടും പ്രതാപംകൊണ്ടും മുന്നണിയിൽതന്നെയാണ് സ്ഥിതിചെയ്യുന്നതു്. എങ്കിലും അമ്മാവനു തൃപ്തിയുണ്ടായില്ല. പലവിധത്തിലും അദ്ദേഹം ദ്രവ്യം സമ്പാദിച്ചു. സമ്പാദിക്കുന്ന ദ്രവ്യമത്രയും മരിച്ചുകഴിഞ്ഞാൽകൂടെ കൊണ്ടുപോകാമെന്നോ, അല്ലെങ്കിൽ തനിക്കു മരണമുണ്ടാകുന്നതല്ലെന്നോ അദ്ദേഹം ദൃഢമായി വിശ്വസിച്ചിരുന്നു എന്നെനിക്കു തോന്നി. എന്റെ വിദ്യാഭ്യാസകാൎയ്യത്തിൽ അദ്ദേഹം പ്രത്യേകമായി ദൃഷ്ടിവെച്ചില്ല. കേവലം ജീവസന്ധാരണത്തിനു അത്യാവശ്യകങ്ങളായ ഉപകരണങ്ങൾ മാത്രമേ അദ്ദേഹം എനിക്കു നല്കിയൊള്ളു. പഠിത്തത്തിലുള്ള എന്റെ ഉത്സാഹംകൊണ്ടും പലയോഗ്യന്മാരുടെ സഹായംകൊണ്ടും ഞാൻ പാലക്കാട്ട് ഇംഗ്ലീഷു പള്ളിക്കൂടത്തിൽ ചേൎന്നുപഠിച്ചു മെററിക്കുലേഷൻ പരീക്ഷ പാസ്സായി. വൈദ്യപഠനത്തിനു എനിക്കതി

സക്തിയുണ്ടായിരുന്നതിനാൽ അതിലേക്കാണു പിന്നീട്ടു ശ്രമിച്ചതു്. ഈ വർത്തമാനം അറിഞ്ഞപ്പോൾ അമ്മാവൻ കോപിഷ്ഠനായി. അദ്ദേഹം ലോകത്തിൽ ഏറ്റവും വെറുത്തതു ഇംഗ്ലീഷു വൈദ്യപാഠനത്തെയും വൈദ്യന്മാരെയും ആയിരുന്നു. അഷ്ടാംഗഹൃദയത്തിലെപ്പോലെയുള്ള ചികിത്സാക്രമം ഒരിക്കലും ഇംഗ്ലീഷിലുണ്ടായിരിപ്പാൻ ഇടയില്ലെന്നും, താൽക്കാലിക ശമനത്തിനല്ലാതെ പാശ്ചാത്യ വൈദ്യം ഉപകരിക്കുന്നതല്ലെന്നും അദ്ദേഹത്തിനു ദൃഢബോധമുണ്ടായിരുന്നു അതുകയാൽ അതുവരെ ചിലവിനു തന്നുകൊണ്ടിരുന്നതുകൂടി ദുർബോധിയും, വെള്ളിളിയില്ലാത്തവനും ആയ എനിക്കു മേലാൽ തരുന്നതല്ലെന്നും അദ്ദേഹം ശപഥംചെയ്തു എന്നെ കേവലം അനാഥസ്ഥിതിയിലാക്കി എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ.

അനന്യശരണനായ ഞാൻ കൽക്കട്ടയിലേക്കു പോകണമെന്നു തീർച്ചപ്പെടുത്തി. അമ്മാവന്റെ കൂടെ താമസിക്കുന്നപക്ഷം ഞാൻ അദ്ദേഹത്തിന്റെ വസ്തുക്കൾക്കു അവകാശിയായി തീരുന്നതാണ്. പക്ഷെ മനോരഥം സാധിക്കാതെ പണക്കാരനായി താമസിച്ചു ലോകഗതിയെ അവസാനിപ്പിക്കുന്നതല്ല എന്റെ ജന്മോദ്ദേശ്യം എന്നു ഞാൻ കരുതി തദനുസരണമായി പ്രവർത്തിച്ചു. കൽക്കട്ടായിൽ എത്തി അവിടത്തെ വൈദ്യമഹാപാഠശാലയിൽ ചേർന്നു വളരെ ജാഗ്രതയായി പഠിത്വം ആരംഭിച്ചു. സഹപാഠികളിൽ വെച്ചു ഞാൻ ഒരു ഉന്നതസ്ഥാനത്തിൽതന്നെയാണു സ്ഥിതിചെയ്തിരുന്നതു്. യൂറോപ്പിലും, അമേരിക്കായിലും ഉള്ള വൈദ്യമാസികകളിൽ പല ലേഖനങ്ങളും എഴുതി പണ്ഡിതന്മാരുടെ ശ്ലാഘക്കു ഞാൻ പാത്രമായിതീർന്നു. ഇങ്ങിനെ അഞ്ചുവർഷം ഇടവിടാതെ വർഷാവസാനപരീക്ഷകളിലെല്ലാം ശ്ലാഘ്യമായ വിജയങ്ങളോടുകൂടികഴിച്ചുകൂട്ടിയതിന്റെശേഷം അന്ത്യപ്പരീക്ഷക്കടുത്തുവന്നു. എന്റെ ജീവിത ദശയിലെ ഏറ്റവും പരിതാപകരമായ ഘട്ടം തൽക്ഷണത്തിൽ പ്രത്യക്ഷമായി. ഞാൻ തോറ്റുപോയി. എന്നാൽ അധൈര്യപ്പെടാതെ പിറ്റേകൊല്ലവും പരീക്ഷയ്ക്കുപോയി. കഷ്ടകാലത്താൽ പരീക്ഷകന്മാരി

ല്ലൊരാൾ എന്റെ പരമശത്രുവാകയാൽ അപ്പോഴും തോൽവിതന്നെപററി. അന്നെനിക്കുണ്ടായ വ്യസനം പറഞ്ഞറിവിക്കാൻ പ്രയാസമാണ്. നിരാധാരനും നിൎദ്ധനനും ആയ എന്റെ ഭാവികാലം മുഴുവനും ഈ പരീക്ഷാഫലത്തെയാണു ആശ്രയിച്ചിരുന്നതു്. വിദ്യാൎത്ഥികളുടെ ഇടയിലുണ്ടായിരുന്ന എന്റെ ഉത്തമനിലയും, പ്രൌഢയും എല്ലാം അസ്തമിച്ചു് എനിക്കുണ്ടായിരുന്ന ആത്മവിശ്വാസം പോലും ഇല്ലാതായി.

ഞാൻ കാളേജിൽ ചേൎന്ന ഒരു വത്സരം കഴിഞ്ഞപ്പോളാണു കുട്ടപ്പമേനോൻ ചേൎന്നതു്. സഹപാഠി അല്ലായിരുന്നതിനാൽ ഞങ്ങൾ തമ്മിൽ പരിചയം മാത്രമേ ഉണ്ടായിരുന്നൊള്ളൂ. എന്നാൽ ഒരിക്കൽ ഞാൻ പരീക്ഷയിൽ തോററതോടുകൂടി അദ്ദേഹം എന്റെ ക്ലാസിൽ വരികയും അന്നുമുതൽ ഞങ്ങൾ ആത്മസ്നേഹന്മാരായി അന്യോന്യം വൎത്തിക്കയും ചെയ്തു. ഇദ്ദേഹം മലയാളത്തുകാരനാണെന്നും കേവലം അനാഥനായിത്തീരുകയാൽ ബാല്യത്തിൽ തന്നെ സ്വദേശംവിട്ടു മദിരാശിയിൽ എത്തിയെന്നും അവിടെ എഫ്. ഏ. പരീക്ഷ ജയിച്ചതിന്റെ ശേഷം സാഹിത്യ പരിശീലനപ്രസക്തിയാൽ കുറെ പണം സമ്പാദിക്കയും അതുംകൊണ്ടു കല്ക്കട്ടായിൽ എത്തി വൈദ്യമഹാപാഠശാലയിൽ ചേരുകയും ചെയ്തു എന്നും പറഞ്ഞിരുന്നു. ഇങ്ങിനെ പറഞ്ഞുകേട്ട അറിവല്ലാതെ അദ്ദേഹത്തെപററി മററു യാതൊരുവിധത്തിലും എനിക്കറിവുണ്ടായിരുന്നില്ല. രണ്ടാമത്തെ തവണ ഞാൻ പരിക്ഷയിൽ തോററു എന്നു പ്രസ്താവിച്ചല്ലോ. ഈ അവസരത്തിൽ മേനവനു വളരെ ശ്ലാഘ്യമായ വിജയമാണുണ്ടായതു്. ഇദ്ദേഹത്തിന്റെ വിജയത്തെയും തൻമൂലമായി ലഭിച്ച സമ്മാനങ്ങളേയുംപററി ഞാൻ അസൂയപ്പെടാതിരുന്നില്ല. എന്റെ ദുൎദ്ദശാപരിപാകത്തെപററി വിഷാദിച്ചു് ആഭിപ്പാക്കയല്ലാതെ ഗത്യന്തരമുണ്ടായിരുന്നില്ല.

എന്റെ ദേഹം നന്നെ ക്ഷയിച്ചു. മേനവനും പഠിത്തത്തിന്റെ ഉഗ്രതയാൽ വളരെ ക്ഷീണിച്ചിരുന്നു. ആകയാൽ ചില ഭിഷഗ്വരന്മാരുടെ ഉപദേശപ്രകാരം കുറേ ദേശസഞ്ചാരം ചെയ്യാമെന്നു ഞങ്ങൾ തീൎച്ചപ്പെടുത്തി. വൈദ്യപരിശീല

നത്തിന്ന ഉദ്യമിക്കുന്നതിന്ന മുമ്പായി പൂൎണ്ണമായ ശരീരസുഖം അത്യാവശ്യകമാണല്ലോ. ഈതത്വമാണ് ദേശസഞ്ചാരത്തിന്ന മേനവനെ പ്രേരിപ്പിച്ചതു. തദനുസരണമായി ഞങ്ങൾ രണ്ടുപേരും കൂടി പുറപ്പെട്ടു് കാശിയിൽ എത്തി. രണ്ടു ദിവസം അവിടെ താമസിച്ചതിനിടക്കു ഒരു വിശേഷ സംഭവം ഉണ്ടായി. അവിടെ ആത്മശുദ്ധ്യൎത്ഥം തപസ്സുചെയ്തുകൊണ്ടിരുന്ന ഒരു സന്യാസിവീരനുമായി ഞങ്ങൾ പരിചയപ്പെട്ടു. ഇംഗ്ലീഷുപഠിച്ചു് പരിഷ്കാരികളായി തീൎന്നിട്ടുള്ള യുവാക്കന്മാരോടു സന്യാസിമാൎക്ക ഒരു പ്രത്യേക പ്രതിപത്തിയുണ്ടെന്നു അനുഭവസ്ഥന്മാൎക്കറിയാവുന്നതാണ്. ആ സന്യാസിപ്രവരൻ ഞങ്ങൾക്കു പലവിധത്തിലുള്ള ഉപദേശങ്ങളെ നൽകി. അക്കൂട്ടത്തിൽ താൻ കുറെക്കാലംമുമ്പെ തപസ്സു ചെയ്തുകൊണ്ടിരുന്ന ഹിമവൽപൎവ്വതത്തിന്റെ "പിംഗല" എന്നു പറയുന്ന സാനുവിൽ അമൂല്യരത്നങ്ങളെക്കൊണ്ടു നിറയപ്പെട്ടിരുന്ന ഒരു ഹേമകുംഭം താൻ നിക്ഷേപിച്ചിട്ടുണ്ടെന്നും അതു ലഭിക്കുന്നതിന്ന ഞങ്ങൾ സൎവ്വപ്രകാരേണയും യോഗ്യന്മാരാകയാൽ താൻപൂൎണ്ണാനുവാദംനൽകുന്നു എന്നും തൽക്ഷണം പുറപ്പെട്ടു നിധി കയ്യുലാക്കിക്കൊള്ളണമെന്നും, തിരിച്ചു വരുമ്പോഴേക്കു താൻമരിച്ചിരിക്കുമെന്നും, ഉദകക്രിയകൾ ഞങ്ങൾ ഭംഗിയായി നിൎവ്വഹിച്ചു കൊള്ളണമെന്നും പറഞ്ഞു. നിക്ഷേപ പാത്രം സ്ഥാപിച്ചിരുന്ന സ്ഥലത്തെ ബഹുകൃത്യമായി തിട്ടപ്പെടുത്തി ഒരു പ്ലാൻ വരച്ചു കയ്യിൽ വച്ചുകൊണ്ടു് ഞങ്ങൾ പുറപ്പെട്ടു. പ്രയാഗയിൽ എത്തി ചക്രവൎത്തി എന്നൊരാളുടെ ഗൃഹത്തിൽ താമസിച്ചുകൊണ്ടു് പൎവ്വതസഞ്ചാരത്തിന്ന വേണ്ട ഒരുക്കങ്ങളെല്ലാം ചെയ്തു. ഇവിടെയും ഒരു വിശേഷസംഭവം ഉണ്ടായി. ചക്രവൎത്തിയുടെ മകൾ ഭാനുമതി അന്നു കാമനീകോമള ശരീരയായ ഒരു പെൺകുട്ടിയായിരുന്നു. യുവചാപല്യത്താലും ലൌകികസുഖാനുഭവജ്ഞാനലാഘവത്താലും എന്റെ അപരിപക്വതയാൎന്ന ഹൃദയം ആ തരുണീമണിയിൽ ലയിച്ചു. സംസൎഗ്ഗസംഭാഷണാദികളാൽ ഇതു ഞങ്ങൾ അന്യോന്യം പ്രത്യക്ഷപ്പെടുത്തി എന്നുമാത്രമല്ല, വളരെ അപായകരമായ വിധത്തിൽ മേനവന്റെയും അറിവിൽപെട്ടു. കാമിനിമൂല

മുള്ള കലഹങ്ങൾ ലോകത്തിൽ സുലഭങ്ങളാണല്ലോ. ഞാനും മേനവനുംതമ്മിൽ കലഹമൊന്നും കഠിനമായി ഉത്ഭവിച്ചില്ലെങ്കിലും "സ്വരക്കേട്" ധാരാളമുണ്ടായിരുന്നു എന്നെനിക്കു മനസ്സിലായി. ചിലപ്പോൾ ഞങ്ങൾതമ്മിൽ ഇക്കാര്യത്തെപറ്റി ക്രോധവാക്കുകളും ധാരാളംപറഞ്ഞിട്ടുണ്ട്. എങ്കിലും അധിക കാലതാമസംകൂടാതെ ഒരുവിധം സമാധാനമായി ഞങ്ങൾ പർവ്വതങ്ങളിലേക്കു യാത്രയായി. മഹർഷി പറഞ്ഞിട്ടുള്ള "പിംഗല" എന്ന സാനുവിൽ എത്തി ഒരു വേടന്റെ ഗൃഹത്തിൽ താമസമാക്കി. ദിവസേന കാലത്തു ഞങ്ങൾ രണ്ടുപേരുംകൂടി അവിടെ എല്ലാം നിക്ഷേപം കണ്ടുപിടിക്കുന്നതിലേക്കു ചുറ്റിസ്സഞ്ചരിക്കാറുണ്ട്. ഒരുദിവസം അതിരാവിലെ മേനവൻ എണീററ് എന്നെവിളിക്കാതെ പൊയ്ക്കളഞ്ഞു. വളരെ നേരം വൈകീട്ടും കാണായ്കയാൽ ഞാൻ അദ്ദേഹത്തെ അന്വേഷിച്ചുപുറപ്പെട്ടു. കുറെദൂരം ചെന്നപ്പോൾ അടിവാരത്തിൽ ഒരു അരുവിയുടെ തീരത്തു എനിക്കു മേനവനെ കാണാമായിരുന്നു. അദ്ദേഹം എന്നെക്കണ്ടയുടനെ വല്ലാതെ പരിഭ്രമിച്ചതുപോലെ തോന്നി. പിന്നെ ഞാൻ സൂക്ഷിച്ചുനോക്കിയപ്പോൾ അദ്ദേഹത്തിന്റെ കയ്യിൽ എന്തോ തിളങ്ങുന്നതായി കാണപ്പെട്ടു. അതു അദ്ദേഹം കൂടെ കൊണ്ടുപോയിട്ടുണ്ടായിരുന്ന കൈത്തോക്കാണെന്നു എനിക്കു മനസ്സിലായി. അദ്ദേഹം എന്തുദ്ദേശത്തോടുകൂടിയാണു പാക്കററിൽനിന്നും തോക്കെടുത്തതെന്നു എനിക്കു മനസ്സിലായില്ല. ഉടനെതന്നെ തോക്കിനെ പൂർവസ്ഥിതിയിൽ പാക്കററിൽ ഇട്ടുംകൊണ്ടു എന്റെ സമീപത്തേക്കു വന്നു. മുഖഭാവം എനിക്കു തീരെ പിടിച്ചില്ല. വളരെ അടുത്തുവന്നതിന്റെ ശേഷം,

കട്ട-മേ--വന്നിട്ടു വളരെ നേരമായോ?

ഞാൻ—അല്പനേരമായതേയുള്ളു.

കട്ട-മേ--ഇന്നത്തെ അന്വേഷണവും നിഷ്ഫലംതന്നെ. ആ കള്ളൻ നമ്മെ വഞ്ചിച്ചു എന്നാണെനിക്കുതോന്നുന്നതു്.

ഇതു ശുദ്ധമെ വ്യാജമാണെന്നും നിധി അദ്ദേഹം കണ്ടുപിടിച്ചു എന്നും എനിക്കു പൂർണ്ണബോധ്യമായി.

ഞാൻ—നിങ്ങളുടെ പാക്കററിലെന്താണു ആ ഘനത്തു കാണുന്നതു്?

ഞാൻ ഇത്രയും ഉച്ചരിച്ചു തീൎന്നു തീൎന്നില്ലെന്നായപ്പോൾ മേനവൻ തോക്കിനെ എടുത്തു എന്റെ നെഞ്ചിനു ലാക്കാക്കിപ്പിടിച്ചു. അയാളുടെ അന്തൎഗ്ഗതമെല്ലാം എനിക്കു മനസ്സിലായി; ധൈൎയ്യത്തെ അവലംബിച്ചുകൊണ്ടു് എന്റെ കയ്യിലുണ്ടായിരുന്ന ഒരു കുറുവടികൊണ്ടു് അദ്ദേഹത്തെ ഒന്നെറിഞ്ഞു. അയാൾ നിന്നനിലയിൽനിന്നും കാൽതെററി വീഴാൻ ഭാവിച്ചു. ഉടനെ കേട്ടതു വെടിപൊട്ടുന്ന ശബ്ദമാണ്. അതെനിക്കുകൊണ്ടില്ലെന്നു മാത്രമല്ല. ഞാൻ പാഞ്ഞുചെന്നു് അയാളുടെ കൊങ്ങക്കുപിടിച്ചു. പിന്നെ ഉണ്ടായതു ഒരു മുഷ്ടിയുദ്ധമായിരുന്നു. അയാൾക്കു എന്നെ കൊല്ലണമെന്നായിരുന്നു മോഹം. ദേഹബലത്തിൽ ഞങ്ങൾ രണ്ടുപേരും തുല്യപ്രായന്മാരായിരുന്നതിനാൽ ഞങ്ങളുടെ യുദ്ധം കാണുന്നതിനു വളരെ രസകരമായിരുന്നു. ഞങ്ങൾ നിന്നിരുന്നതിന്റെ അല്പം അകലെയായി ഒരു കീഴ്ക്കാൻതൂക്കായ സ്ഥലം ഉണ്ടായിരുന്നു. അവിടെ കൊണ്ടുചെന്നു് എന്നെ താഴെ തള്ളിയിടണം എന്നാണു മേനവൻ തീർച്ചയാക്കീട്ടു്. ഞാൻ അതു സമ്മതിച്ചില്ല. പക്ഷെ യുദ്ധം കുറേക്കൂടെ മുറുകുന്നതോടുകൂടി ഞങ്ങൾ പ്രസ്തുതസ്ഥലത്തിങ്ങിനെയോ ചെന്നെത്തി. അവിടെവെച്ചുണ്ടായയുദ്ധം ഒരു മല്ലയുദ്ധംതന്നെ ആയിരുന്നു. എന്തിനു വളരെ പറയുന്നു. ഒരു നിമിഷത്തിനുള്ളിൽ ഞങ്ങൾ രണ്ടുപേരും കൂടി കിഴക്കാൻതൂക്കായ പാറയുടെമുകളിൽ നിന്നേകദേശം ഒരു നാല്പതടി താഴെ ചെന്നുവീണു.

* * * * *

ഞാനുണൎന്നു നോക്കിയപ്പോൾ എന്റെ ശിരസ്സിന്റെ ഒരുഭാഗത്തുകൂടി രക്തം പ്രവഹിച്ചുകൊണ്ടിരുന്നു. ദേഹമാസകലം വേദനയും ഉണ്ടായിരുന്നു. കുറെനേരത്തേക്കു ഞാൻ മോഹാലസ്യമായി വീണിരിക്കണം. ചുററുംനോക്കിയപ്പോൾ

മേനവന്റെ രക്തമയമായ മൃതശരീരവും കാണപ്പെട്ടു. മുകളിൽനിന്നും വീണപ്പോൾ നിസ്സംശയമായും ഞാൻ മേനവന്റെ മിതെതന്നെ സ്ഥിതിചെയ്തിരിക്കണം എന്നും ഞാൻ അനുമാനിച്ചു. ഇതെല്ലാം കാൽമണിക്കൂറിൾ സംഭവിച്ചതായിരുന്നു. ഞാൻ എന്റെ സ്ഥിതിയെപ്പറ്റി ആലോചിക്കാൻ തുടങ്ങി. ഞാനിനി ലോകത്തിലിറങ്ങി സഞ്ചരിക്കുന്നതെങ്ങനെ? ഇക്കാര്യത്തെപ്പററി ആരെങ്കിലും ചോദിക്കുന്നപക്ഷം ഞാൻ എന്തുത്തരം പറയും? പക്ഷെ ഞാൻ ഒരുവിധത്തിലും അപരാധിയല്ലെന്നുള്ള ബോധം എനിക്കുണ്ടായിരുന്നതുകൊണ്ടു് വാസ്തവസംഗതികളെ ആരേയും ധരിപ്പിക്കുന്നതുകൊണ്ടു തീരെ ദോഷമില്ലെന്നു ഞാൻ ഉറച്ചു. പിന്നീടെനിക്കുണ്ടായ ആശാവിശേഷമാണു ബഹു രസകരമായിരിക്കുന്നതു്. എം. ബി. സി. എം. പാസ്സായ സർട്ടിഫിക്കററുകൾ മുതലായവ മേനവന്റെ പെട്ടിയിൽനിന്നും എടുത്താൽ പിന്നെ എന്റെ ഭാഗ്യത്തിനതിരുണ്ടോ? അറിയാത്ത ഏതെങ്കിലുംദിക്കിൽചെന്നു വലിയ ഭിഷഗ്വരനായി കാലംകഴിക്കാം. എന്നിങ്ങനെ ദൃഢമായുറച്ചു് മേനവന്റെ ശവശരീരത്തെ ആരും കാണാത്ത വിധത്തിൽ ഒരു ഗുഹയിൽ നിക്ഷേപിച്ചതിന്റെ ശേഷം, വേഗം ഗൃഹത്തിൽ എത്തി, അവിടെ ആരും ഇല്ലാതിരുന്നതിനാൽ നല്ലതക്കമെന്നും കരുതി പ്രയാഗയിലേക്കു യാത്രയായി. ദൈവാധീനംപോലെ അന്നുരാത്രി ചക്രവർത്തി ഗൃഹത്തിലുണ്ടായിരുന്നില്ല. മേനവന്റെ തോൽസഞ്ചി തുറന്നു് (ഡിപ്ളോമകളും) ബിരുദുകളും കയ്ക്കലാക്കി ദീനബാധിതയായി കിടന്നിരുന്ന ഭാനുമതിയോടു അനുവാദവുംവാങ്ങി തൽക്ഷണംപുറപ്പെട്ടു് കൽക്കട്ടായിൽഎത്തി, മേൽമീശ എടുപ്പിച്ചു കളയുകയും, മേനവന്റെ ഉടുപ്പുകളും, വൈരജോടികളും ധരിക്കയും, ചെയ്തപ്പോൾ എന്നെ അപ്പുനായരെന്നു ആരുംതന്നെ ശങ്കിച്ചില്ല. നേരെ ഇങ്ങോട്ടുതിരിച്ചു് ഇവിടെ സ്ഥിരതാമസമാക്കുകയും ചെയ്തു. ഞാൻ സീതമംഗലത്തെത്തിയ ദിവസംതന്നെ കുട്ടപ്പമേനവനും ഇവിടെ എത്തി. ഇനി എന്റെ കഥ നിറുത്തി സ്വല്പനേരത്തേക്കു മേനവന്റെ കഥതന്നെ എടുക്കാം. ഒരുദിവസം ഒരാൾ

മേനവനിൽ ഒരു കഠിനകുററത്തെ ആരോപിച്ചു. ഇതുകേട്ടപ്പോൾ ഭാരതിയുടെ മുഖത്തു രക്തപ്രസാദമില്ലാതെയായി. നായർ പിന്നെയും തുടൎന്നുപറഞ്ഞു. "അതു എന്തു കുററമാണെന്നറിയാമൊ? അതു ആറുകൊല്ലംമുമ്പെ എന്ന ഹിമവൽ പൎവ്വതനിരയുടെ സാനുവിൽവെച്ചു് അദ്ദേഹം കൊലപ്പെടുത്തി എന്നുള്ളതാണു്."

ഭാര—അതെങ്ങിനെയാണെന്നു എനിക്കു മനസ്സിലാകുന്നില്ല.

അ-നാ—കേസിന്റെ വാസ്തവതത്വം എങ്ങിനെയിരുന്നാലും, അദ്ദേഹം ഇക്കാൎയ്യം കേട്ടയുടനെ സ്ഥലംവിട്ടൊളിച്ചോടിപ്പോയി എന്നുള്ളതു വാസ്തവമാണു്.

ഭാര—ഒരിക്കലും അല്ല. അദ്ദേഹം ദേഹസുഖാൎത്ഥം സ്ഥലം മാറിതാമസിക്കുന്നതിനു പോയതാണു്.

അ-നാ—എന്നാണു എല്ലാവരോടും അദ്ദേഹംപറഞ്ഞതു്. പക്ഷെ അതു വാസ്തവമാണെങ്കിൽ അദ്ദേഹം തിരിച്ചു വരാത്തതെന്താണു്?

ഭാര—അദ്ദേഹം വരാതിരിക്കയില്ല. വന്നു് ഈ ദോഷാരോപണങ്ങളെല്ലാം കേവലം വ്യാജസൃഷ്ടികൾ മാത്രമാണെന്നു തെളിയിക്കുകയും ചെയ്യും.

അ-നാ—ഹിമവൽ പൎവ്വതത്തിന്റെ സാനുവിൽ മരിച്ചുകിടക്കുന്ന മേനവൻ എങ്ങിനെയാണു തിരിച്ചുവരുന്നതു്?

ഭാരതി വല്ലാതെപരിഭ്രമിച്ചു് കസേരയിൽനിന്നും എഴുനേററു. അവൾക്കിതെന്താണെന്നു ലവലേശം മനസ്സിലായില്ല. പണിക്കരെങ്കിലും ഇതിന്റെ അൎത്ഥമെന്താണെന്നു അവൾക്കു മനസ്സിലാക്കിത്തരട്ടെ എന്നുള്ള ബോധത്തോടുകൂടി അദ്ദേഹത്തിന്റെ മുഖത്തു നോക്കി. പണിക്കർ മന്ദഹസിച്ചതേയുള്ളു. ഉടനെ അപ്പുനായർ ഉത്ഥാനംചെയ്തു ഭാരതിയുടെ കൈകളെ സ്പൎശിച്ചുകൊണ്ടു അദ്ദേഹത്തിന്റെ സ്വാഭാവികമായ സ്വരത്തിൽ ഇങ്ങനെ പറഞ്ഞു.

"സീതമംഗലത്തുനിന്നും ഒരു മാസത്തിനു മുമ്പു് ഒളിച്ചോടിപ്പോയതു കുട്ടപ്പമേനവനല്ല, ഞാനാണു; ഞാൻ — അപ്പുനായർ"

ദീർഘനിശ്വാസത്തോടുകൂടി ഭാരതി അപ്പുനായരുടെ കരങ്ങളിൽ പതിച്ചു.

## അദ്ധ്യായം ൧൦.

ഭാരതി മോഹാലസ്യം തീർന്നുണൎന്നു നോക്കിയപ്പോൾ അവളും അപ്പുനായരും മാത്രമെ ആ മുറിക്കകത്തുണ്ടായിരുന്നുള്ളു എന്നു പൂർണ്ണബോദ്ധ്യമായി. അപ്പുനായർ അവളുടെ കേശഭാരത്തിൽകൂടി കരംകൊണ്ടു മനോഹരമായ ഗളത്തെ തഴുകി, മൂർദ്ധാവിൽ ചുംബിച്ചുകൊണ്ടു നിന്നതു കേവലം നയനാനന്ദകരമായിരുന്നു. അവളാകട്ടെ മന്ദമന്ദം സംശയഗ്രസ്തങ്ങളായ നയനങ്ങളെ നായരുടെ അംഗങ്ങളിൽ ഓരോന്നിലേക്കും നയിച്ചുതുടങ്ങി. അല്പനേരം കഴിഞ്ഞപ്പോൾ അവൾ സ്നേഹിച്ച പുരുഷൻ തന്നെയാണ് അടുത്തു നില്ക്കുന്നതെന്നു അവൾക്കുതോന്നി. തലമുടിയിലും പുരികങ്ങളിലും മാത്രം ഭേദമുണ്ടായിരുന്നു എന്നും അവൾ തീർച്ചപ്പെടുത്തി.

ഭാര—അങ്ങു മേനവനെക്കാളും സുന്ദരതരനായിരിക്കുന്നു എന്നുള്ളതു സവിശേഷം ആശ്വാസപ്രദമായിരിക്കുന്നു.

അ-നാ—ഭാരതി മേനവനെ സ്നേഹിച്ചോ?

ഭാരതി—ആ നാമധേയത്തോടുകൂടിയ ഒരാളെ ഞാൻ ഹൃദയംഗമമായി സ്നേഹിക്കയുണ്ടായി. പക്ഷേ പേരിനും സ്നേഹത്തിനുമായി എന്താണു സംബന്ധം എന്നെനിക്കു മനസ്സിലാകുന്നില്ല.

അ-നാ—കഴിഞ്ഞ ആറു വൎഷങ്ങളായിട്ടു വേഷം മാറിനടന്ന എനിക്കു "ഞാൻ" വാസ്തവത്തിലുള്ള "ഞാൻ" തന്നെയോ എന്നു സംശയമായിരിക്കുന്നു. ഒരു സംഗതിയെ പററി ആലോചിക്കുമ്പോൾ എനിക്കു ചിരിവരുന്നു. എന്റെ തലമുടിയുടേയും പുരികങ്ങളുടേയും സ്വാഭാവി

കമായ നിറം മാറിയിരുന്നതിനെപ്പററി ആൎക്കാതന്നെ—വിശേഷിച്ച് ഭാരതിക്കും—സംശയമുണ്ടായില്ലല്ലൊ.

ഭാര--വാസ്തവം പറകയാണെങ്കിൽ, പത്മനാഭനാണൊ എന്നിക്കും സംശയമുണ്ടായിരുന്നു; പക്ഷെ അതിന്റെ പരമാൎത്ഥത അറിയുന്നതിന്ന സാധിക്കാതെ പോയി എന്നെയുള്ളു.

അ-നാ—കാൎയ്യഭാഗത്തെ പററി പറയുകയാണെങ്കിൽ കഴിഞ്ഞ ആറുവൎഷങ്ങളായി ഞാൻ കപടവേഷധാരിയായി കാലം കഴിച്ചുതോൎക്കുമ്പോൾ, ഒരു കററക്കാരനും തക്കതായ ശിക്ഷക്ക അൎഹനും ആണെന്ന തോന്നിപ്പോകുന്നു.

ഭാര—(നായരെ ഗാഢമായി ആശ്ലേഷം ചെയ്തുകൊണ്ട്) എന്തുശിക്ഷ കിട്ടുകയായിരുന്നാലും ഞാനും അതിൽ പങ്കുകൊള്ളുന്നതിന്ന സദാ സന്നദ്ധയാണ്. അങ്ങു യാതൊരുകുററവും ചെയ്തിട്ടില്ലെന്ന എനിക്ക പൂൎണ്ണബോധമുണ്ട്. ആൾമാറാട്ടം നിരുപദ്രവകരമായ വിധത്തിലുള്ളതാണെങ്കിൽ, അതായതു, വഞ്ചനമുതലായ ക്രൂരകൃത്യങ്ങളാൽ മലിനപ്പെട്ടിരിക്കാത്തതാണെങ്കിൽ, അതു ശിക്ഷയ്ക്കു പാത്രമായിതീരുന്നതു എങ്ങിനെയാണെന്ന എനിക്ക മനസ്സിലാകുന്നില്ല. രാജാക്കന്മാരും പ്രഭുക്കന്മാരും അങ്ങിനെയുള്ള ആൾമാറാട്ടം വിനോദങ്ങളുടെ ശേഖരത്തിലാണു ഉൾപ്പെടുത്തീട്ടുള്ളത്.

അ-നാ—എന്റെയും വിശ്വാസം അങ്ങിനെ തന്നെ ആയിരുന്നു. അതാണ് ഡാക്ടർ കുട്ടപ്പമേനോൻ എന്ന നാമധേയത്തിൽ വൈദ്യപരിശീലനംകൊണ്ട് ഞാൻ ദ്രവ്യം സമ്പാദിക്കാഞ്ഞതു്. ആളുകൾ ഈകാൎയ്യത്തിൽ വളരെ അത്ഭുതപ്പെട്ടിരിക്കണം.

ഭാര—ഓ! വളരെ കഷ്ടപ്പാടുകൾകഴിച്ചു! സാധു! ഇപ്പോഴെങ്കിലും ഈശ്വരൻ പ്രസാദിച്ചല്ലൊ.

ഇവർ ഇങ്ങിനെ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ, അവസരോചിതമായി പുറത്തുപോയിരുന്ന പണിക്കർതിരിച്ചു വന്ന് ആസനസ്ഥനായി. കാമുകരുടെ സംശയങ്ങളെല്ലാംനീങ്ങി എന്ന് അവരെ കണ്ടമാത്രയിൽ പണിക്കൎക്ക മനസ്സിലായി.

പണി—ഇപ്പോൾ അസാരം വിഷമമുള്ള ഒരു കാൎയ്യമുണ്ടു.

അ-നാ—അതെന്താണു?

പണി—മേനവന്റെ പേരു് ഇവിടെ എല്ലാവൎക്കും പരിചിതമായ ഒന്നാണു്. അതു് എളുപ്പത്തിൽ ഇവിടത്തുകാരുടെ ഹൃദയങ്ങളിൽ നിന്നു പോകുന്നതിനും പ്രയാസമാണു്. അദ്ദേഹത്തിന്റെ അന്തൎദ്ധാനത്തെപററി ജനങ്ങൾ എന്തുവിചാരിക്കും?

അ-നാ—അതിനെല്ലാം ഞാൻ നേരത്തെ ഉപായങ്ങൾ ചിന്തിച്ചു പ്രവൎത്തിച്ചിട്ടുണ്ടു. ഇന്നുതന്നെ ഇവിടെയുള്ള പ്രധാനികളിൽ ചിലൎക്കു മേനവന്റെ എഴുത്തുകൾകിട്ടും. അവയിലെല്ലാം അദ്ദേഹം ശീമയ്ക്കു പുറപ്പെടുന്ന വിവരം പ്രസ്താവിക്കപ്പെട്ടിരിക്കും. ഈ വിധത്തിൽ കുറെദിവസങ്ങളൊ, മാസങ്ങളോ, വൎഷങ്ങളോ കഴിയുമ്പോൾ, "കാണാതെപോയ കുട്ടപ്പമേനവനെ" പററിയുള്ള ജനങ്ങളുടെ സംശയങ്ങളെല്ലാം നീങ്ങുന്നതാണു്.

പണി—ശരി! പിന്നെ നിങ്ങളുടെകാൎയ്യം?

ഞാനോ? പറയാം. മരണശാസനാവകാശപ്രകാരം ഞാൻ ഇപ്പോൾ കേവലം ധനികനായിരിക്കുന്നു. കാലതാമസംകൂടാതെ കൽക്കട്ടയിൽ പോയി ഞാൻ പരീക്ഷജയിച്ചു് ബിരുദംകൊണ്ടുവരും. പിന്നെ നടക്കുന്നതു് ഭാരതിയുടെ വിവാഹമായിരിക്കും. മേനവനെപ്പററിയുള്ള സകലവിവരങ്ങളും ഞാൻ പുസ്തകരൂപേണ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തി ജനങ്ങളുടെ ഇടയിലുള്ള സകല ശങ്കകളേയും നീക്കും. കാറെല്ലാം നീങ്ങി പരിശുദ്ധമായ ആകാശം അപ്പോൾ പ്രസന്നമാകും.

വാസ്തവത്തിൽ കാറെല്ലാംനീങ്ങി തൽക്ഷണത്തിൽ തന്നെ പരിശുദ്ധമായതു്, ഭാരതിയുടെ വദനപൂൎണ്ണചന്ദ്രൻ തന്നെ ആയിരുന്നു.

ശുഭം.

ഭാരതീകഥാരത്നമാലാ.

---

പ്രസാധകൻ:
തിരുവനന്തപുരം രാജകീയഹൈസ്കൂൾ
മലയാളപണ്ഡിതർ
പി. അനന്തൻപിള്ള.

മാസംതോറുംഓരോപുസ്തകംവീതംപ്രസിദ്ധപ്പെടുത്തുന്നതാണ്.

വിലവിവരം.

---

മുൻപേരായിപണമടയ്ക്കുന്നവർക്ക്

| | | | | |
|---|---|---|---|---|
| ൧൨ | പുസ്തകങ്ങൾക്ക് | ബ്രി. | രൂപാ | ൨ |
| ൬ | ,, | ,, | ,, | ൧ |

അല്ലാത്തവർക്ക് പുസ്തകമൊന്നിനുനാലണയിൽകുറയാതെ
അപ്പോഴപ്പോൾ ഏർപ്പെടുത്തുന്ന വില.

---

അപേക്ഷിക്കേണ്ടും മേൽവിലാസം:—
കെ. പരമേശ്വരൻപിള്ള, മാനേജർ,
ഭാരതീകഥാരത്നമാല,
തിരുവനന്തപുരം.

---

☞ അടുത്തകഥ:—മറുവുള്ളകൈയ്,
ഗ്രന്ഥകർത്താ, സി. പി. പരമേശ്വരൻപിള്ള
തിരുവനന്തപുരം രാജകീയ ഹൈസ്കൂൾ
മലയാളപണ്ഡിതർ.

21 NOV 1903

MUL
094250